സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 സെപ്റ്റംബർ 11 തിങ്കൾ ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

ദുരന്തഭൂമിയായി മൊറോക്കോ, മരണസംഖ്യ 2122 ആയി

സഹായവുമായി സ്പെയിനും ഖത്തറും യുഎഇയും

കെട്ടിടങ്ങൾക്കിടയിൽ നിന്ന് മൃതദേഹവുമായി സൈന്യം

മറകേഷ് നഗരത്തിൻറെ തെക്ക് പടിഞ്ഞാറൻ മേഖലയിലെ ഹൈ അറ്റ്ലാൻറിസ് മലനിരകളാണ് ഭൂകമ്പത്തിൻറെ പ്രഭവ കേന്ദ്രം.

18.5 കിലോമീറ്റർ ആഴത്തിൽ നിന്നാണ് ഭൂകമ്പമുണ്ടായതെന്ന് അമേരിക്കൻ ജിയോളജിക്കൽ സർവേ അറിയിച്ചു. വെള്ളിയാഴ്ച രാത്രി പ്രാദേശിക സമയം 10 മണി കഴിഞ്ഞാണ് ഭൂകമ്പമുണ്ടായത്. ആദ്യത്തെ ഭൂകമ്പത്തിന് പിന്നാലെ 4.9 തീവ്രതയിൽ വീണ്ടും ഭൂകമ്പമുണ്ടായത് ദുരന്തത്തിൻറെ ആഴം കൂട്ടി. മരണ സംഖ്യ ഇനിയും ഉയർന്നേക്കുമെന്ന് മൊറോക്കൻ ആരോഗ്യ മന്ത്രാലയം വ്യക്തമാക്കുന്നുണ്ട്. പൗരാണിക നഗരമായ മറാക്കിഷിലെ റോഡുകൾ തകർന്നത് രക്ഷാപ്രവർത്തകർക്ക് വെല്ലുവിളിയാണ്. മറകേഷ് നഗരത്തിലെ തെക്കൻ മേഖലയിലും റാബത്തിലും പർവത മേഖലകളിലെ ഗ്രാമങ്ങളിലുമാണ് ഏറ്റവും നാശനഷ്ടമുണ്ടായത്. ചരിത്ര സ്മാരകങ്ങളും പൗരാണിക നഗരങ്ങളും നിലംപൊത്തി. ഭൂകമ്പത്തിൽ നിന്ന് രക്ഷപ്പെട്ടവർ ഇപ്പോഴും ഭക്ഷണവും വെള്ളവും ഇല്ലാതെ തെരുവുകളിൽ തുടരുകയാണ്. 1960 ലാണ് ഇതിനു മുൻപ് മൊറോക്കയിൽ ഇത്രേയും വിനാശകരമായ ഭൂചലനം ഉണ്ടായിട്ടുള്ളത്. അന്ന് 12000 പേരുടെ ജീവനാണു നഷ്ടപ്പെട്ടമായത്. മൊറോക്കോയ്ക്ക് സഹായവുമായി സ്പെയിനും ഖത്തറും യുഎഇയും രംഗത്തെത്തിയിട്ടുണ്ട്. തെരച്ചിൽ ഉപകരണങ്ങളും രക്ഷാപ്രവർത്തകരെയുമാണ് സ്പെയിൻ മൊറോക്കോയിലെത്തിച്ചത്. ഖത്തറും യുഎഇയും ഭക്ഷ്യവസ്തുക്കൾ എത്തിച്ചു. ഫ്രാൻസും അമേരിക്കയും യൂറോപ്യൻ യൂണിയനും സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.

ഭൂകമ്പ ബാധിതർക്ക് സാധ്യമായ എല്ലാ സഹായങ്ങളും നൽകുമെന്ന് ഏ20 ഉച്ചകോടിയുടെ വേദിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കിയിരുന്നു.

ഉറ്റവരെ നഷ്ടപ്പെട്ടവരുടെ വേദനയിൽ പങ്കുചേരുന്നുവെന്നും പ്രധാനമന്ത്രി അറിയിച്ചു.

സോളാർ വിവാദം സഭ നിർത്തി വച്ച് ചർച്ച

തിരുവനന്തപുരം: സോളാർ വിവാദം നിയമസഭ നിർത്തിവച്ച് ചർച്ച ചെയ്യും. അതിജീവിത എഴുതിയ കത്തിൽ ഉമ്മൻചാണ്ടിക്കെതിരെ ലൈംഗീക പീഡന പരാതി ഉണ്ടായിരുന്നില്ലെന്നും പിന്നീട് എഴുതി ചേർത്തതാണെന്നുമുള്ള സിബിഐ കണ്ടെത്തൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്തു നിന്ന് ഷാഫി പറമ്പിൽ എംഎൽഎയാണ് നോട്ടീസ് നൽകിയത്.

അതിജീവിതയുടെ ആവശ്യപ്രകാരം സിബിഐയെ അന്വേഷണം ഏൽപ്പിച്ചത് സർക്കാരാണെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. റിപ്പോർട്ട് ഔദ്യോഗികമല്ലാത്തതിനാൽ അഭിപ്രായം പറയാനാവില്ല. ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ മറുപടി പറയുന്നത് യുക്തിക്ക് നിരക്കുന്നതല്ല.

സിബിഐ റിപ്പോർട്ട് സംബന്ധിച്ച് ഒദ്യോഗിക രേഖയൊന്നും സർക്കാരിൻറെ പക്കൽ ഇല്ല എങ്കിലും , അടിയന്തര പ്രമേയം ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കരുവന്നൂർ കള്ളപ്പണ കേസിൽ എസി മൊയ്തീൻ എംഎൽഎ ഇഡിക്ക് മുന്നിൽ ഹാജരായി

മുൻ മന്ത്രിയും സിപിഎം നേതാവുമായ എസി മൊയ്തീൻ എംഎൽഎ കരുവന്നൂർ സഹകരണ ബാങ്കിലെ കള്ളപ്പണ ഇടപാടുമായി ബന്ധപ്പെട്ട കേസിൽ ഇഡിക്ക് മുന്നിൽ ഹാജരായി. നിയമസഭാ സമ്മേളനം ഒഴിവാക്കിയാണ് എസി മൊയ്തീൻ രാവിലെ 9.30ന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ കൊച്ചി ഓഫീസിൽ ഹാജരായത്.

മുൻപ് രണ്ട് തവണ നോട്ടീസ് നൽകിയിരുന്നെങ്കിലും എംഎൽഎ ഹാജരായിരുന്നില്ല.പത്ത് വർഷത്തെ ബാങ്ക് ഇടപാട് രേഖകളും നികുതി രേഖകളും ഉൾപ്പെടെ ഹാജരാകാനായിരുന്നു ഇഡി എസി മൊയ്തീന് നൽകിയ നിർദ്ദേശം.

നേരത്തേ രണ്ടു തവണ ചോദ്യം ചെയ്യലിന് ഹാജരാകാൻ നോട്ടീസ് നൽകിയെങ്കിലും മൊയ്തീൻ ഒഴിഞ്ഞുമാറുകയായിരുന്നു. ഇനിയും ഹാജരായില്ലെങ്കിൽ ഒളിച്ചോടിയെന്നാകും പറയുകയെന്നും, അതുകൊണ്ട് ഹാജരാകുമെന്നും മൊയ്തീൻ അറിയിക്കുകയായിരുന്നു.നിയമസഭാ സമ്മേളനത്തിൽ മൊയ്തീൻ പങ്കെടുത്തില്ല. പുതുപ്പള്ളി തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിലാണ് ചോദ്യം ചെയ്യലിൽ നിന്ന് ഒഴിഞ്ഞു നിന്നതെന്ന് ആരോപണങ്ങൾ ഉയർന്നിരുന്നു. പലിശക്കാരൻ സതീഷ് കുമാറുമായുള്ള സാമ്പത്തിക ഇടപാടിന്റെ പേരിലാണ് ചോദ്യം ചെയ്യൽ.

150 കോടി രൂപയുടെ കരുവന്നൂർ ബാങ്ക് തട്ടിപ്പിന് ഒരു രാഷ്ട്രീയ പാർട്ടിയുടെ ജില്ലാ നേതാക്കളടക്കം കൂട്ട് നിന്നെന്നാണ് ഇഡി വ്യക്തമാക്കുന്നത്. കരുവന്നൂർ ബാങ്ക് തട്ടിപ്പിൽ 15 കോടിയുടെ സ്വത്ത് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കണ്ടുകെട്ടിയിരുന്നു. എസി മൊയ്തീൻ, പിപി കിരൺ, സി എം റഹീം, എം കെ ഷൈജു, പി സതീഷ് കുമാർ എന്നിവരുടെ വസ്തുക്കളിലാണ് റെയ്ഡ് നടന്നത്. ബാങ്ക് വഴി അനുവദിച്ച കോടികളുടെ ബിനാമി ലോണുകൾക്ക് പിന്നിൽ എസി മൊയ്തീൻ എന്നാണ് എൻഫോസ്മെന്റ് ഡയറക്ടറേറ്റിന്റെ കണ്ടെത്തൽ. ബാങ്ക് അംഗങ്ങൾ അല്ലാത്തവർക്കാണ് ലോൺ അനുവദിച്ചത്. പാവപ്പെട്ടവരുടെ ഭൂമി അവരറിയാതെ ബാങ്കിൽ പണയപ്പെടുത്തി ലോൺ നേടിയത് ഈ രേഖയുടെ അടിസ്ഥാനത്തിലാണെന്നും ഇഡി കണ്ടെത്തിയിരുന്നു.

റോഡ് ക്യാമറ: മുഖ്യമന്ത്രിയുടെ മകനെതിരെ ആരോപണവുമായി വിഷ്ണുനാഥ്

തിരുവനന്തപുരം: റോഡ് ക്യാമറ വിവാദത്തിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ മകനെതിരെ നിയമസഭയിൽ ആരോപണം ഉന്നയിച്ച് പി.സി.വിഷ്ണുനാഥ്. ഉപകരാർ നേടിയ കമ്പനിക്ക് മുഖ്യമന്ത്രിയുടെ മകന്റെ കുടുംബവുമായി അടുത്ത ബന്ധമുണ്ടെന്നും അതിന്റെ രേഖകൾ കൈവശമുണ്ടെന്നും വിഷ്ണുനാഥ് പറഞ്ഞു. എന്നാൽ മുഖ്യമന്ത്രിയുടെ മകനെതിരായ പരാമർശം രേഖകളിൽനിന്നു നീക്കണമെന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ ആവശ്യപ്പെട്ടു.സംസ്ഥാനം കണ്ട ഏറ്റവും വലിയ അഴിമതിയാണ് റോഡ് ക്യാമറ പദ്ധതിയെന്ന് വിഷ്ണുനാഥ് പറഞ്ഞു. "വീടുകൾക്കും സ്ഥാപനങ്ങൾക്കും മുന്നിൽ മോഷണം തടയാനാണ് ക്യാമറ വയ്ക്കുന്നത്. എന്നാൽ മോഷ്ടിക്കാൻ വേണ്ടി ക്യാമറ വച്ച ലോകത്തെ ആദ്യത്തെ സർക്കാരാണ് പിണറായി വിജയൻ സർക്കാർ. പദ്ധതിക്കായി കെൽട്രോണിനെ ചുമതലപ്പെടുത്തിയപ്പോൾ ധനകാര്യവകുപ്പ് നോൺ പിഎംസി വർക്കാണെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ ധനവകുപ്പിന്റെ ഉത്തരവിനു വിരുദ്ധമായി കെൽട്രോണിനെ പിഎംസി വർക്കാണ് ഇപ്പോൾ ഏൽപ്പിച്ചിരിക്കുന്നത്.ഇത്തരം പദ്ധതികൾ നടപ്പാക്കി അനുഭവസമ്പത്തില്ലാത്ത കെൽട്രോൺ 70-80 കോടി ചെലവുള്ള പദ്ധതിക്കു വേണ്ടി 232 കോടിയുടെ എസ്റ്റിമേറ്റാണ് തയാറാക്കിയിരിക്കുന്നത്. ഇതാണ് ഈ അഴിമതിയുടെ പ്രഭവകേന്ദ്രം. ക്യാമറ വാങ്ങാനുള്ള ടെൻഡർ രേഖകൾ പ്രകാരം സാങ്കേതികമായും സാമ്പത്തികമായും യോഗ്യതയുള്ള ഒറിജിനൽ എക്യുപ്മെന്റ് നിർമാതാവിനോ വെൻഡർക്കോ മാത്രമേ പങ്കെടുക്കാൻ കഴിയൂ. എന്നാൽ അംഗീകരിക്കപ്പെട്ട വെൻഡർ അല്ലാത്ത സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത എസ്ആർഐടി എന്ന സ്ഥാപനം, അവരുമായി ചേർന്നു നിൽക്കുന്ന അശോക ബിൽകോൺ, അക്ഷര എന്നീ കമ്പനികളുമായി ചേർന്ന് കാർട്ടൽ രൂപീകരിച്ച് ടെൻഡർ വ്യവസ്ഥകൾക്കു വിരുദ്ധമായി കരാർ നേടിയെടുത്തു. സുപ്രധാനമായ കരാറുകളൊന്നും ഉപകരാർ നൽകാൻ പാടില്ലെന്ന വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് എസ്ആർഐടി എല്ലാ കാര്യങ്ങളും ഉപകരാർ കൊടുത്തു. അത്തരത്തിൽ ഉപകരാർ ലഭിച്ച അൽഹിന്ദ് പ്രസാദിയോയ്ക്ക് കമ്മിഷൻ ഇനത്തിൽ 9 കോടി രൂപ ലഭിച്ചു. പണം മുടക്കുന്ന കമ്പനിക്ക് 40 ശതമാനം ലാഭവും ഒരു പണവും മുടക്കാത്ത കമ്പനിക്ക് 60 ശതമാനം ലാഭവും ലഭിക്കും. അതായത് നോക്കുകൂലി 60 ശതമാനം.പ്രസാദിയോ എന്ന കമ്പനിക്ക് മുഖ്യമന്ത്രിയുടെ മകന്റെ കുടുംബവുമായി വളരെ അടുത്ത ബന്ധമുണ്ട്. ഈ കമ്പനിയുമായി ബന്ധപ്പെട്ട് സാമ്പത്തിക കൈമാറ്റങ്ങൾ നടന്നിട്ടുണ്ട്. ഈ കാര്യങ്ങൾ പ്രതിപക്ഷനേതാവ് അടക്കം രേഖകൾ സഹിതം പുറത്തുവിട്ടിട്ടുണ്ട്. രേഖകൾ കൈയിലുണ്ട്. ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ദുരൂഹതയുണ്ട്." - വിഷ്ണുനാഥ് പറഞ്ഞു. എന്നാൽ വിഷ്ണുനാഥ് പറഞ്ഞ പല കാര്യങ്ങളും എഴുതിത്തന്നതിൽ ഇല്ലെന്നും മുഖ്യമന്ത്രിയുടെ മകനെതിരെ പറഞ്ഞ കാര്യങ്ങൾ രേഖകളിൽനിന്നു നീക്കണമെന്നും ധനമന്ത്രി കെ.എൻ.ബാലഗോപാൽ ആവശ്യപ്പെട്ടു.

പുതുപ്പള്ളി എം. എൽ. എയായി ചാണ്ടി ഉമ്മൻ സത്യപ്രതിജ്ഞ ചെയ്തു

തിരുവനന്തപുരം: പുതുപ്പള്ളിയുടെ പുതിയ എം.എൽ.എയായി ചാണ്ടി ഉമ്മൻ സത്യപ്രതിജ്ഞ ചെയ്തു. നിയമസഭയിലെത്തിയ ചാണ്ടി ഉമ്മൻ സ്പീക്കർക്കും മന്ത്രിമാർക്കും മുമ്പിൽ ദൈവനാമത്തിലാണ് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്. ജഗതിയിലെ പുതുപ്പള്ളി ഹൗസിൽ നിന്നാണ് ചാണ്ടി ഉമ്മൻ നിയമസഭയിലേക്ക് എത്തിയത്. ഉമ്മൻചാണ്ടിയുടെ ഫോട്ടോയ്ക്ക് മുന്നിൽ പ്രാർത്ഥിച്ച് മറിയാമ്മ ഉമ്മൻ ചാണ്ടി ഉമ്മന് പേന കൈമാറിയിരുന്നു.സത്യപ്രതിജ്ഞ ചെയ്ത ശേഷം ചാണ്ടി ഉമ്മൻ സ്പീക്കർക്കും മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും ഹസ്തദാനം നൽകി. പിന്നീട് പ്രതിപക്ഷ നേതാവിനെയും എംഎൽഎമാരെയും കണ്ട ശേഷം നിയമസഭയിലെ തന്റെ കസേരയിലേക്ക് നടന്നുനീങ്ങി. സത്യപ്രതിജ്ഞ കാണുന്നതിനായി അമ്മയും ബന്ധുക്കളും സഭയിലെത്തിയിരുന്നു. ജനങ്ങൾ ഏൽപ്പിച്ച ഉത്തരവാദിത്വം വലുതാണ്. ഉമ്മൻ ചാണ്ടിയുടെ ഓർമകൾ മരിക്കുന്നില്ലെന്ന് സത്യപ്രതിജ്ഞക്ക് മുന്നോടിയായി ചാണ്ടി ഉമ്മൻ പറഞ്ഞു. ഇന്നത്തെ ദിവസം അദ്ദേഹം കൂടി ഉണ്ടാകണമെന്ന് ആഗ്രഹിച്ചു. കൂടെയില്ലെന്നത് വേദനയുള്ള കാര്യമാണെന്നും ചാണ്ടി ഉമ്മൻ പറഞ്ഞിരുന്നു.സത്യപ്രതിജ്ഞക്ക് മുമ്പായി ആറ്റുകാൽ ദേവീക്ഷേത്രത്തിലും പാളയത്തെ ഓർത്തഡോക്സ് പള്ളിയിലും ചാണ്ടി ഉമ്മൻ സന്ദർശിച്ചിരുന്നു. പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർഥിയായിരുന്ന ചാണ്ടി ഉമ്മന് 37,213 വോട്ടിൻറെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. ചാണ്ടി ഉമ്മന്റെ സത്യപ്രതിജ്ഞയോട് അനുബന്ധിച്ച് കോൺഗ്രസ് പ്രവർത്തകർ പുതുപ്പള്ളിയിൽ പായസവിതരണം നടത്തി.

പത്താംക്ലാസുകാരനെ കാറിടിപ്പിച്ച് കൊന്ന വൈരാഗ്യം; പ്രതിയെ തിരയാൻ നാലുസംഘങ്ങൾ

തിരുവനന്തപുരം: പൂവച്ചൽ പുളിങ്കോട് പത്താംക്ലാസ് വിദ്യാർഥിയെ കാറിടിപ്പിച്ച് കൊലപ്പെടുത്തിയ കേസിൽ ഒളിവിൽപോയ പ്രതിക്കായി തിരച്ചിൽ തുടരുന്നു.

നിലവിൽ നാലുസംഘങ്ങളായി തിരിഞ്ഞാണ് പ്രതിയെ കണ്ടെത്താനായി പോലീസ് അന്വേഷണം നടത്തുന്നത്. അതിനിടെ, പ്രതിയെക്കുറിച്ച് പോലീസിന് ചിലവിവരങ്ങൾ ലഭിച്ചതായും സൂചനയുണ്ട്. കാട്ടാക്കട ചിന്മയ സ്കൂളിലെ പത്താംക്ലാസ് വിദ്യാർഥിയായ ആദിശേഖറി(15)നെ ഓഗസ്റ്റ് 30-നാണ് അകന്നബന്ധു കൂടിയായ പ്രിയരഞ്ജൻ കാറിടിപ്പിച്ച് കൊലപ്പെടുത്തിയത്. സംഭവം അപകടമരണമാണെന്നായിരുന്നു ആദ്യം കരുതിയിരുന്നത്. എന്നാൽ, സംഭവത്തിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നതോടെയാണ് കൊലപാതകമാണെന്ന് ആരോപിച്ച് കുടുംബം പരാതി നൽകിയത്. അന്വേഷണത്തിൽ ലഭിച്ച വിവരങ്ങളെത്തുടർന്നും സിസിടിവി ദൃശ്യങ്ങളുടെ അടിസ്ഥാനത്തിലുമാണ് പ്രതിക്കെതിരേ കൊലക്കുറ്റം ചുമത്തി കേസെടുത്തതെന്ന് പോലീസും അറിയിച്ചിരുന്നു. വിദ്യാർഥിയുടെ മരണത്തിന് പിന്നാലെ പ്രതി മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്ത് വാഹനം ഉപേക്ഷിച്ച് മുങ്ങിയതും കൊലപാതകമാണെന്ന സംശയത്തിന് ആക്കംകൂട്ടി.പ്രിയരഞ്ജനും ആദിശേഖറും തമ്മിൽ നാലുമാസം മുൻപ് വഴക്കുണ്ടായിരുന്നതായാണ് ബന്ധുക്കൾ പറയുന്നത്. പ്രിയരഞ്ജൻ ക്ഷേത്രമതിലിനോട് ചേർന്ന് മൂത്രമൊഴിക്കുന്നതും മദ്യപിക്കുന്നതും ആദിശേഖർ ചോദ്യംചെയ്തിരുന്നു. ഇതിനെത്തുടർന്ന് പ്രതി കുട്ടിയെ ഭീഷണിപ്പെടുത്തിയിരുന്നതായാണ് പറയുന്നത്. ഇതിന്റെ വൈരാഗ്യമാണ് കൊലപാതകത്തിന് കാരണമായതെന്നും ബന്ധുക്കൾ ആരോപിക്കുന്നു. ഓഗസ്റ്റ് 30-ന് കാറുമായി സ്ഥലത്തെത്തിയ ഏറെനേരം റോഡിൽ വാഹനത്തിൽ തന്നെ ഇരുന്നതായി സിസിടിവി ദൃശ്യങ്ങളിൽ വ്യക്തമായിരുന്നു. ഇതിനിടെയാണ് കൂട്ടുകാരനുമായി ആദിശേഖർ സൈക്കിളിലെത്തിയത്. തുടർന്ന് സൈക്കിളിൽ കയറി പോകാനൊരുങ്ങവെ കാർ മുന്നോട്ടെടുക്കുകയും ആദിശേഖറിനെ ഇടിച്ചുവീഴ്ത്തുകയുമായിരുന്നു. ഏതാനുംദൂരം പിന്നിട്ടശേഷമാണ് ഇയാൾ വാഹനം നിർത്തിയത്.പ്രിയരഞ്ജന് മുൻവൈരാഗ്യമില്ലെന്നാണ് കുട്ടിയുടെ ബന്ധുക്കൾ പോലീസിന് ആദ്യം നൽകിയിരുന്ന മൊഴി. എന്നാൽ, സിസിടിവി ദൃശ്യങ്ങൾ കണ്ടതോടെ കൊലപാതകമാണെന്ന സംശയം ബലപ്പെട്ടു. തുടർന്നാണ് നാലുമാസം മുൻപുണ്ടായ സംഭവങ്ങളെക്കുറിച്ച് പോലീസിന് മൊഴി നൽകിയതെന്നും ബന്ധുക്കൾ പറഞ്ഞു.

'ഒരു കുടുംബത്തിൻറെ കൊള്ളയ്ക്ക് സിപിഎം കാവൽനിൽക്കുന്നു'; മാസപ്പടി വിഷയം സഭയിലുന്നയിച്ച് കുഴൽനാടൻ

തിരുവനന്തപുരം: മുഖ്യമന്ത്രിക്കും കുടുംബത്തിനുമെതിരായ മാസപ്പടി വിവാദം വീണ്ടും സഭയിലുന്നയിച്ച് മാത്യു കുഴൽനാടൻ എംഎൽഎ. താൻ ഉന്നയിച്ച ആരോപണത്തിന് മറുപടി നൽകാൻ മുഖ്യമന്ത്രി തയ്യാറാകാത്തത് എന്തുകൊണ്ടാണെന്ന് അദ്ദേഹം ചോദിച്ചു.

മുഖ്യമന്ത്രിയുടെ കുടുംബം നടത്തുന്ന കൊള്ളയ്ക്ക് കാവൽ നിൽക്കുന്ന പാർട്ടിയായി സിപിഎം അധഃപതിച്ചെന്ന് മാത്യു ആരോപിച്ചു.

മുഖ്യമന്ത്രിയുടെ മകൾ മാസപ്പടി വാങ്ങിയെന്ന് വ്യക്തമാക്കുന്ന റിപ്പോർട്ട് പുറത്തുവന്നിട്ടും ഉത്തരവാദപ്പെട്ടവർ എന്തുകൊണ്ടാണ് മൗനം തുടരുന്നത്? കഴിഞ്ഞതവണ സഭയിൽ സംസാരിക്കുമ്പോൾ തന്റെ മകളെ പറഞ്ഞാൽ താൻ കിടുങ്ങിപ്പോകുമോ എന്ന് മുഖ്യമന്ത്രി ചോദിച്ചു. യഥാർഥത്തിൽ അന്ന് അദ്ദേഹം കിടുങ്ങിയിരുന്നു. ആരോപിച്ച കാര്യം അക്ഷരാർഥത്തിൽ പൊതുസമൂഹത്തിനു മുന്നിൽ ഞാൻ തെളിയിച്ചു. എന്നാൽ മുഖ്യമന്ത്രിക്ക് മറുപടി ഉണ്ടായില്ല, കുഴൽനാടൻ പറഞ്ഞു.

മുഖ്യമന്ത്രിയുടെ മകളും അവരുടെ പേരിലുള്ള കമ്പനിയും ചേർന്ന് ആലപ്പുഴയിലെ തീരദേശം കൊള്ളയടിക്കണമെന്ന് ആഗ്രഹിക്കുന്ന ഒരു കമ്പനിയുടെ പക്കൽനിന്ന് 1.72 കോടി രൂപ കൈപ്പറ്റി എന്ന കണ്ടെത്തലിന് മറുപടി നൽകിയത് സി.പി.എം സംസ്ഥാന സെക്രട്ടറിയേറ്റാണ്. ഒരു കുടുംബം നടത്തുന്ന കൊള്ളയ്ക്ക് കാവൽ നിൽക്കുന്ന പാർട്ടിയായി സിപിഎം അധഃപതിച്ചു.

കൊടുത്ത സേവനത്തിന് നൽകിയ പണമാണെന്നാണ് സിപിഎം പറയുന്നത്. എന്നാൽ ഒരു സേവനവും ലഭിച്ചിട്ടില്ലെന്ന് കർത്ത തന്നെ പറയുന്നു. ആ അഴിമതിപ്പണം ഇപ്പോൾ മുഖ്യമന്ത്രിയുടെ കുടുംബത്തിലാണുള്ളത്. ഇതുപോലൊരു സംഭവമുണ്ടായിട്ട് പാർട്ടിക്കുള്ളിൽ ഇതിനേക്കുറിച്ച് പറയാൻ ഒരു നേതാവുപോലും ഇല്ലെന്ന് സങ്കടപ്പെടുന്ന ഒരുപാട് കമ്യൂണിസ്റ്റുകാരുണ്ട്.

തീവെട്ടിക്കൊള്ളയ്ക്ക് കാവൽ നിൽക്കുന്ന പാർട്ടിയായി സിപിഎം മാറിയിരിക്കുകയാണെന്നും കുഴൽനാടൻ പറഞ്ഞു.

അഭിഭാഷകന്റെ കയ്യിൽ കെട്ട്, എന്ത് പറ്റിയെന്ന് ചീഫ് ജസ്റ്റിസ്; സുപ്രീകോടതിയിൽ ചർച്ചയായി തെരുവുനായ പ്രശ്നം

ന്യൂഡൽഹി: രാജ്യത്തെ തെരുവുനായ പ്രശ്നത്തിൽ ആശങ്ക പ്രകടിപ്പിച്ച് സുപ്രീകോടതി. മറ്റൊരു കേസുമായി ബന്ധപ്പെട്ട വാദത്തിനാണ് അഭിഭാഷകൻ കുനാർ ചാറ്റർജി കോടതിയിലെത്തിയത്.

കയ്യിൽ ബാൻഡേജുമായി എത്തിയപ്പോഴാണ് കൈയിൽ എന്തു സംഭവിച്ചതാണെന്ന് ചീഫ് ജസ്റ്റീസ് ചോദിച്ചത്. രാവിലെ നടക്കാനായി ഇറങ്ങിയപ്പോൾ അഞ്ചു നായകൾ ആക്രമിച്ചെന്ന് അഭിഭാഷകൻ മറുപടി നൽകുകയായിരുന്നു. ഈ സമയത്ത് മറ്റു അഭിഭാഷകരും തെരുവുനായ പ്രശ്നം ഉയർത്തിക്കൊണ്ടുവന്നു. തെരുവുമായ പ്രശ്നം ഗുരുതരമാണെന്ന് സോളിസിറ്റർ ജനറൽ കോടതിയിൽ പറഞ്ഞു.

കോടതി സ്വമേധയാ കേസ് എടുക്കണമെന്നും ആവശ്യപ്പെട്ടു. അതേസമയം, വിഷയം പരിശോധിക്കാമെന്നായിരുന്നു ചീഫ് ജസ്റ്റിസിന്റെ മറുപടി. തെരുവുനായ പ്രശ്നത്തിൽ കേരളത്തിൽ നിന്നുൾപ്പെടെയുള്ള വിവിധ ഹർജികൾ കോടതിയുടെ മുന്നിലുണ്ട്. ഈ മാസം 20ന് ഈ ഹർജികൾ പരിഗണിക്കും. മറ്റൊരു കേസിന്റെ ഇടയിലാണ് തെരുവുനായ പ്രശ്നം ഉന്നയിച്ച തെങ്കിലും ഈ കാര്യം പിന്നീട് പരിഗണിക്കാമെന്ന് ചീഫ് ജസ്റ്റിസ് അറിയിച്ചിട്ടുണ്ട്.

പിണറായിയെ പരാമർശിച്ച് ഗ്രോ വാസു; തടഞ്ഞ് കോടതി: മുദ്രാവാക്യം വിളിയോടെ മടക്കം

കോഴിക്കോട്: കോഴിക്കോട് ജില്ലാ ജയിലിൽ റിമാൻഡിൽ കഴിയുന്ന പൗരാവകാശ പ്രവർത്തകൻ ഗ്രോ വാസുവിനെ കുന്ദമംഗലം ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി.

കേസ് നാളത്തേക്കു മാറ്റി. സാക്ഷി മൊഴികൾ ഗ്രോ വാസുവിനെ വായിപ്പിച്ചു കേൾപ്പിച്ചു. സാക്ഷി മൊഴികൾ വായിപ്പിച്ചു കേൾപ്പിച്ചതിനു ശേഷം എന്തെങ്കിലും എതിർപ്പുണ്ടോ എന്ന ചോദ്യത്തോട് ഇല്ലെന്നായിരുന്നു ഗ്രോ വാസുവിന്റെ മറുപടി.

കോടതിയിൽ പിണറായി വിജയനെ പരാമർശിച്ചു സംസാരിക്കവേ കേസിനെ കുറിച്ച് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാമെന്നും അതല്ലെങ്കിൽ ബാക്കി കാര്യങ്ങൾ നാളെ പറയാമെന്നും മജിസ്ട്രേറ്റ് പറഞ്ഞു. പരാമർശം കോടതി രേഖപ്പെടുത്തുകയും ചെയ്തില്ല. മുദ്രാവാക്യം വിളികളോടെയാണു ഗ്രോ വാസു കോടതിയിലേക്ക് എത്തിയതും തിരിച്ചു പോയതും.

ജൂലൈ 29നാണ് മെഡി.കോളജ് പൊലീസ് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയത്. കോടതി സ്വന്തം നിലയ്ക്കു ജാമ്യം അനുവദിച്ചെങ്കിലും രേഖകളിൽ ഒപ്പു വയ്ക്കാൻ തയാറാകാത്തതിനെ തുടർന്നു റിമാൻഡ് ചെയ്യുകയായിരുന്നു.

ആയുർവ്വേദ ചികിത്സാ കേന്ദ്രത്തിന്റെ കെട്ടിടോദ്ഘാടനം പിണറായി വിജയൻ നിർവഹിക്കുന്നു

കളരിയും യോഗയും സമന്വയിപ്പിച്ചാൽ വലിയ മാറ്റമുണ്ടാകും: മുഖ്യമന്ത്രി

കണ്ണൂർ: കളരിയും യോഗയും സമന്വയിപ്പിച്ച് മുന്നോട്ടു പോയാൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാനാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കണ്ണൂർ ജില്ലാ ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിലുള്ള പിണറായി സെന്റർ ഫോർ കളരി ആന്റ് ആയുർവ്വേദ ചികിത്സാ കേന്ദ്രത്തിന്റെ കെട്ടിടോദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കളരിയിലെയും യോഗയിലെയും അഭ്യാസ രീതികൾ തമ്മിൽ വലിയ ബന്ധമുണ്ട്. രണ്ടിലെയും ചികിത്സ രീതികൾ ഒരുമിച്ച് കൊണ്ടുപോകാനായാൽ കൂടുതൽ മെച്ചമുണ്ടാകും. അത്തരം കാര്യങ്ങളിൽ ഏറെ ശ്രദ്ധ വേണം. താൽപ്പര്യമുണ്ടെങ്കിലും തിരക്ക് കാരണം പലരും കളരി ചികിത്സയിൽ നിന്ന് മാറി നിൽക്കുകയാണ്. ലോകത്തിലെ ആയോധന കലയുടെ മാതാവാണ് കളരി. കാരണം ഏറ്റവും പ്രയാസമേറിയ കുംഫു പോലും കളരിയിൽ നിന്ന് രൂപപ്പെട്ടതായാണ് പറയുന്നത്. പെൺകുട്ടികൾക്ക് ഉൾപ്പെടെ കളരിയുടെ വേഷം നേരത്തെ പ്രശ്നമായിരുന്നു. എന്നാൽ വസ്ത്ര രീതി മാറിയതോടെ ഇപ്പോൾ അത്തരം പ്രശ്നങ്ങളില്ലെന്നും യുവ തലമുറയെ ഇതിലേക്ക് ആകർഷിക്കാനാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.ആയുർവ്വേദം ജീവിതത്തിന്റെ ഭാഗമാണ്. ജനനം മുതൽ അത് നമ്മോടൊപ്പമുണ്ട്. പഴയ തലമുറയുടെ നാട്ടറിവുകൾ അന്ന് ഏറെ ഗുണം ചെയ്തിരുന്നു. എന്നാൽ ഇന്ന് അത്തരം അറിവുകൾ കുറവാണ്. അതിനാൽ നാട്ടറിവുകൾ വളർത്താൻ ശ്രമം നടത്തണമെന്നും മുഖ്യമന്ത്രി പറഞ്ഞു.പഴയ കെട്ടിടം നശിച്ചതോടെയാണ് പിണറായിയിൽ ആയുർവ്വേദ കേന്ദ്രത്തിനായി പുതിയ കെട്ടിടം ഒരുക്കിയത്. ചികിത്സക്കായി നാല് ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. രണ്ട് പേർക്ക് ഒരേ സമയം താമസിച്ച് ചികിത്സ നേടാം. കളരിയിൽ മധു ഗുരുക്കളുടെ നേതൃത്വത്തിൽ 75 പേർ പരിശീലനം നേടുന്നുണ്ട്. ചടങ്ങിൽ ഖാദി ബോർഡ് വൈസ് ചെയർമാൻ പി ജയരാജൻ അധ്യക്ഷത വഹിച്ചു. മുഖ്യമന്ത്രിയുടെ മണ്ഡലം പ്രതിനിധി പി ബാലൻ, പിണറായി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് കെ കെ രാജീവൻ, വാർഡ് അംഗം പി പ്രമീള, സ്വാഗത സംഘം ചെയർമാൻ കക്കോത്ത് രാജൻ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

പരസ്കാരം സമ്മാനിക്കുന്ന ചടങ്ങിൽ നിന്ന്

അന്നമനട പരമേശ്വര മാരാർ സ്മാരക വാദ്യ കലാ പുരസ്കാരം സമ്മാനിച്ചു

കോഴിക്കോട്: വിഖ്യാത തിമില കലാകാരൻ അന്നമനട പരമേശ്വര മാരാരുടെ സ്മരണാർഥം നൽകുന്ന വാദ്യ കലാ പുരസ്കാരം മദ്ദള കലാകാരൻ കലാമണ്ഡലം കൃഷ്ണൻ നമ്പൂതിരിക്ക് സമ്മാനിച്ചു. ശില്പവും പ്രശസ്തി പത്രവും ക്യാഷ് അവർഡും അടങ്ങുന്ന പുരസ്കാരം അദ്ദേഹത്തിന്റെ ജന്മനാടായ കോഴിക്കോട് ജില്ലയിലെ തൃക്കുറ്റിശ്ശേരി ശിവ ക്ഷേത്രത്തിൽ വച്ച് നടന്ന ചടങ്ങിലാണ് സമ്മാനിച്ചത്. അന്നമനട പരമേശ്വര മാരാർ കലാ സാംസ്കാരിക കേന്ദ്രമാണ് പുരസ്കാരം നൽകുന്നത്. വാദ്യ കലയ്ക്ക് നൽകുന്ന സമഗ്ര സംഭാവനയ്ക്കാണ് പുരസ്കാരം. അവാർഡ് ചടങ്ങിനൊപ്പം നാടിന്റെ ആദരവും വാദ്യ, ആസ്വാദക, ശിഷ്യ സംഘത്തിന്റെ ആദരവും കൃഷ്ണൻ നമ്പൂതിരിക്ക് നൽകി. ചടങ്ങിൽ വാദ്യശ്രീപതി എന്ന മുദ്രയും അദ്ദേഹത്തിനു സമ്മാനിച്ചു. പ്രശസ്ത വാദ്യ കലാകാരൻ പെരുവനം സതീശൻ മാരാർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. അന്നമനട പരമേശ്വര മാരാർ കലാ സാംസ്കാരിക കേന്ദ്രം വർക്കിങ് പ്രസിഡന്റ് കാലടി കൃഷ്ണയ്യർ പുരസ്കാരം സമ്മാനിച്ചു.

ചടങ്ങിൽ പഞ്ചായത്തംഗം കെകെ സിജിത്ത്, അന്നമനട പരമേശ്വര മാരാർ കലാ സാംസ്കാരിക കേന്ദ്രം സെക്രട്ടറി കലാമണ്ഡലം ഹരീഷ്, കൊടകര രമേഷ്, ബാലുശ്ശേരി കൃഷ്ണദാസ് അടക്കം വാദ്യ കലാ ലോകത്തെ നിരവധി പ്രമുഖർ പങ്കെടുത്തു.

ഓൺലൈൻ ആങ്ങളമാരോട് പറയാനുള്ളത്, പെങ്ങളെ താലോലിക്കുന്നത് സത്യാവസ്ഥ അറിഞ്ഞിട്ട് വേണം; വിശദീകരണവുമായി സന്ദീപ് വാചസ്പതി

ആലപ്പുഴ: നടി ലക്ഷ്മി പ്രിയയുടെ ആരോപണങ്ങൾക്ക് മറുപടിയുമായി ബിജെപി നേതാവ് സന്ദീപ് വാചസ്പതി. എൻഎസ്എസ് കരയോഗത്തിന്റെ ഒരു പരിപാടിയമായി ബന്ധപ്പെട്ടാണ് ലക്ഷ്മിയെ വിളിച്ചതെന്നും അവർ 60,000 രൂപ ആവശ്യപ്പെട്ടപ്പോൾ തന്നെ സംഘാടകർ ഇത്രയും വലിയ തുകയുണ്ടാകില്ലെന്ന് അറിയിച്ചിരുന്നതായും സന്ദീപ് പറഞ്ഞു. ഇത് സംബന്ധിച്ച് തനിക്ക് ഒന്നും ഒളിക്കാനില്ലെന്നും ഇതിനപ്പുറം ഒന്നും പറയാനില്ലെന്നും സന്ദീപ വാചസ്പതി ഫെയ്സ്ബുക്ക് ലൈവിൽ പറഞ്ഞു. 'ചെങ്ങന്നൂരിലെ എൻഎസ്എസ് കരയോഗത്തിന്റെ ഒരു പരിപാടിയുമായി ബന്ധപ്പെട്ട് അതിന്റെ സംഘാടകർ ഒരു സെലിബ്രിറ്റിയെ ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് മുന്ന് മാസം മുൻപാണ് ലക്ഷ്മിയെ വിളിച്ച് കാര്യങ്ങൾ പറയുകയും അവർ സമ്മതിക്കുകയും ചെയ്തു. വിളിച്ചപ്പോൾ തന്നെ അവരോട് പറഞ്ഞിരുന്നു. ഇത് ഒരു കുഞ്ഞ് സ്ഥലവും ചെറിയ പരിപാടിയുമാണെന്ന്. വലുതായി പണമൊന്നും പ്രതീക്ഷിക്കരുതെന്നും. അതിന്റെ അടിസ്ഥാനത്തിൽ തീർച്ചയായും വരാമെന്ന് അവർ അറിയിക്കുകയും ചെയ്തു. പിന്നീട് താൻ അറിയുന്നത് അവർ പരിപാടിയുടെ ദിവസം അവിടെയെത്തിയ ശേഷമുള്ള കാര്യങ്ങളാണ്. ലക്ഷ്മി വിളിച്ചിട്ടു പറഞ്ഞു. താൻ അവിടെ പോയി. തനിക്ക് വളരെ കുറച്ച് പണം മാത്രമാണ് അവർ തന്നത്. കാര്യങ്ങൾ അന്വേഷിച്ച് തിരികെ വിളിക്കാമെന്നും താൻ അവരെ അറിയിച്ചു. സംഘാടകരുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ പരിഹരിക്കാമെന്ന് അവർ അറിയിക്കുകയും ചെയ്തു. എന്നാൽ സംഘാടകർ നൽകിയ പതിനായിരം അവരെ എൽപ്പിക്കുകയാണെന്ന് ലക്ഷ്മി തന്നെ അറിയിച്ചു. പണം തിരികെ ഏൽപ്പിക്കരുതെന്ന് പറഞ്ഞിട്ടും അവർ പണം തിരിച്ചുനൽകുകയായിരുന്നു.

60,000 രൂപയാണ് ലക്ഷ്മി ആവശ്യപ്പെട്ടതെന്ന് സംഘാടകർ പറഞ്ഞു. പണം സംബന്ധിച്ച് കാര്യങ്ങൾ സംസാരിച്ത് അവർ തമ്മിലാണ്. വലിയ തുക ആവശ്യപ്പെട്ടപ്പോൾ തന്നെ ഇത്രയൊന്നും ഉണ്ടാവില്ലെന്നറിയിച്ചപ്പോൾ ഒരു കുഴപ്പവുമില്ലെന്ന് പറഞ്ഞിരുന്നു. ചെറിയ തുകയാണ് ലഭിച്ചതെന്ന് അവർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് നമ്പർ അയക്കാനും താൻ അവരോട് ആവശ്യപ്പെട്ടിരുന്നു. സംഘാടകരുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ 25,000 രൂപ കൊടുക്കാമെന്ന ധാരണയിൽ ഇരിക്കുന്നതിനിടെയാണ് ഇന്നലെ ലക്ഷ്മിയുടെ ഭർത്താവ് തന്നെ വിളിക്കുന്നത്. വളരെ സൗഹാർദത്തോടെ കാര്യങ്ങൾ സംസാരിക്കുന്നതിനിടെ അവർ തന്നോട് അലറുകയായിരുന്നു. താനായിട്ട് ഇതുവരെ ആരെയും അറിയിച്ചിട്ടില്ല. ഇനി ഇത് അറിയിക്കാൻ പോകുകയാണെന്ന് പറഞ്ഞ് ഫോൺകട്ട് ചെയ്തതായും സന്ദീപ് പറഞ്ഞു.

താൻ പണം വാങ്ങിയിട്ടുണ്ടോന്നോ, തനിക്കെതിരെ ഒരു ആരോപണവും പോസ്റ്റിൽ ലക്ഷ്മി ഉന്നയിച്ചിട്ടില്ല. താൻ ഫോൺ എടുത്തിട്ടില്ലെന്ന് പറയുന്നത് ലക്ഷ്മി തെറ്റാണ്. അത് അവർ തിരുത്തുമെന്ന് കരുതുന്നു. പലരും ഇത്തരം ആളുകളെ വിളിക്കാൻ ആവശ്യപ്പെടുമ്പോൾ ഒരു പൊതുപ്രവർത്തകൻ എന്ന നിലയിൽ ആവശ്യമായ സഹായം ചെയ്തു കൊടുക്കാറുണ്ട്.

ലക്ഷ്മിക്ക് പോലും ഇല്ലാത്ത ആരോപണങ്ങൾ ഉന്നയിച്ച് വരുന്നവരോട് ഒന്നും പറയാനില്ല. സുഡാപ്പികളും രാഷ്ട്രീയ എതിരാളികളുമാണ് ആവർ. അവർക്ക് അവരുടെ രാഷ്ട്രീയ അജണ്ടകളും ഉണ്ടാകാം. ഇതിൽ ബിജെപിക്കോ ആർഎസ്എസിനോ ഒരു റോളുമില്ല. സഹപ്രവർത്തകർ എതെരാവശ്യം ഉന്നയിച്ചാൽ ഇനിയും സഹായം തുടരും.

ഇതിനപ്പുറം ഒരുവിശദീകരണം ഇല്ല. ഓൺലൈൻ ആങ്ങളമാരോട് പറയാനുള്ളത്. പെങ്ങളെ താലോലിക്കുന്നത് സത്യാവസ്ഥ അറിഞ്ഞിട്ട് വേണം. താലോലിക്കലും ആങ്ങളമാരുടെ റോളും ഒക്കെ നടക്കട്ടെ. കപട മുഖം അണിഞ്ഞ് നിഷകളങ്കാരവരുതെന്നും സന്ദീപ് ഫെയ്സ്ബുക്ക് ലൈവിൽ പറഞ്ഞു.

നടുറോഡിൽ യുവതിയേയും കുടുംബത്തേയും മർദ്ദിച്ചു; നടക്കാവ് എസ്ഐക്ക് സസ്പെൻഷൻ

കോഴിക്കോട്: വാഹനത്തിന് സൈഡ് കൊടുക്കുന്നതുമായി ബന്ധപ്പെട്ട തർക്കത്തിൽ കാർ യാത്രക്കാരിയായ യുവതിയെ മർദ്ദിച്ച നടക്കാവ് എസ്ഐക്കെതിരെ നടപടി. എസ്ഐ വിനോദിനെ സസ്പെൻഡ് ചെയ്തു. കോഴിക്കോട് റൂറൽ എസ്പി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി.

കാർ യാത്രക്കാരിയെ മർദിച്ചെന്ന പരാതിയിൽ നടക്കാവ് എസ്ഐ വിനോദ് ഉൾപ്പെടെ കണ്ടാൽ അറിയുന്ന നാലുപേർക്ക് എതിരെ കോഴിക്കോട് കാക്കൂർ പൊലീസ് കേസെടുത്തിരുന്നു. മൂന്ന് സ്ത്രീകളും നാല് കുട്ടികളുമുള്ള സംഘത്തെ ഒരു പ്രകോപനവുമില്ലാതെ മർദ്ദിച്ചെന്നാണ് യുവതിയുടെ പരാതി. അത്തോളി സ്വദേശി അഫ്ന അബ്ദുൾ നാഫിക്കിന് മർദ്ദനത്തിൽ പരിക്കേറ്റു. അഫ്ന ചികിത്സയിലാണ്. ശനിയാഴ്ച അർധരാത്രി 12.30ഓടെ കൊളത്തൂരിൽ വെച്ചായിരുന്നു സംഭവം. കാറിൽ യാത്ര ചെയ്യുകയായിരുന്ന യുവതിയും കുടുംബവും എതിർദിശയിൽവന്ന വാഹനത്തിലുള്ളവരും കാറിന് സൈഡ് നൽകാത്തതിനെച്ചൊല്ലി തർക്കമുണ്ടായിരുന്നു. ഈ തർക്കത്തിൽ ഇടപെട്ട എസ്ഐ വിനോദ് കുമാർ യുവതിയെയും ഭർത്താവിനെയും കുട്ടിയെയും മർദിച്ചെന്നും എസ്ഐയുടെ ഒപ്പമുണ്ടായിരുന്നയാൾ യുവതിയെ കയറിപ്പിടിച്ചെന്നുമാണ് പരാതി.സൈഡ് കിട്ടിയില്ലെന്ന് പറഞ്ഞ് എതിർദിശയിൽനിന്ന് വന്ന വാഹനത്തിലുണ്ടായിരുന്നവർ മോശമായാണ് സംസാരിച്ത്. തുടർന്ന് പൊലീസിനെ അറിയിക്കും എന്ന് പറഞ്ഞപ്പോൾ അവർ തന്നെ പൊലീസിനെ വിളിച്ചെന്നും തുടർന്നാണ് എസ്ഐ വിനോദ് ബൈക്കിൽ സംഭവസ്ഥലത്ത് എത്തിയതെന്നുമാണ് യുവതി പറയുന്നത്.ബൈക്കിൽ മറ്റൊരാൾക്കൊപ്പം മദ്യലഹരിയിലാണ് എസ്ഐ സ്ഥലത്തെത്തിയത്. തുടർന്ന് കാറിന്റെ ഡോർ തുറന്ന് പുറത്തിറക്കി മർദിക്കുകയായിരുന്നു. വയറിന്റെ ഭാഗത്ത് ചവിട്ടിയ ഇയാൾ, ശരീരത്തിൽ കടിച്ച് പരിക്കേൽപ്പിച്ചതായും യുവതിയുടെ പരാതിയിലുണ്ട്. എസ്ഐക്കൊപ്പം ബൈക്കിൽവന്നയാൾ സ്വകാര്യ ഭാഗങ്ങളിൽ കയറിപ്പിടിച്ചെന്നും മർദിച്ചെന്നും യുവതി ആരോപിക്കുന്നു.എസ്ഐയുടെ മർദനത്തിൽ യുവതിയുടെ ഭർത്താവിനും 11 വയസുള്ള കുട്ടിയ്ക്കും പരിക്കേറ്റിട്ടുണ്ട്. തുടർന്ന് കുടുംബം വിളിച്ചറിയിച്ചതിനെത്തുടർന്ന് കാക്കൂർ പൊലീസ് സ്ഥലത്തെത്തിയതോടെയാണ് രംഗം ശാന്തമായതെന്നും യുവതി പറഞ്ഞു. സംഭവത്തിൽ മുഖ്യമന്ത്രിക്കും ബാലാവകാശ കമ്മീഷനും പരാതി നൽകുമെന്നും യുവതി പറഞ്ഞു.

മലപ്പുറത്ത് വീണ്ടും കടുവ ഇറങ്ങി, നായകളെ കൊന്നു,

തെരുവുനായ ആക്രമണം രൂക്ഷമായ വിഷയമാണെന്നും തെരുവുനായയുടെ ആക്രമണത്തിൽ കേരളത്തിൽ കണ്ണൂരിലെ ഓട്ടിസം ബാധിച്ച കുട്ടി നിഹാൽ മരിച്ച കാര്യം അഭിഭാഷകൻ കെ.ആർ. സുഭാഷ് ചന്ദ്രൻ നേരത്തെ സുപ്രീം കോടതിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. അടിയന്തര നടപടി ഈക്കാര്യത്തിൽ കോടതിയിൽ നിന്ന് ഉണ്ടാകണമെന്ന് അഭിഭാഷകൻ അഭ്യർത്ഥിച്ചിരുന്നു. ഇതിനോട് സംഭവം നിർഭാഗ്യകരമായെന്ന് ജസ്റ്റിസുമാരായ സൂര്യകാന്ത്, എം.എം. സുന്ദരേഷ് എന്നിവർ അടങ്ങിയ ബെഞ്ച് പ്രതികരിച്ചിരുന്നു. തെരുവുനായ പ്രശ്നം ചൂണ്ടിക്കാട്ടി കണ്ണൂർ ജില്ലാ പഞ്ചായത്ത് കോടതിയെ സമീപിച്ചിരുന്നു. ഈ കേസ് പരിഗണിക്കുന്നതിനിടെയാണ് അഭിഭാഷകൻ കെ.ആർ സുഭാഷ് ചന്ദ്രൻ കുട്ടി മരിച്ച കാര്യം പരാമർശിച്ത്.

വിഴുപ്പ് അലക്കിയാലേ മാലിന്യം കളയാനാവൂ, അല്ലെങ്കിൽ നാറും; സ്ഥിരം പരാതിക്കാരാനാവാൻ ഇല്ലെന്ന് കെ മുരളീധരൻ

കോഴിക്കോട്: മാലിന്യം കളയാനാണ് വിഴുപ്പലക്കുന്നതെന്നും അല്ലെങ്കിൽ നാറുമെന്നും വേണ്ട സമയത്ത് വിഴുപ്പലക്കി ശുദ്ധമാക്കണമെന്നതാണ് തന്റെ നിലപാടെന്നും കെ മുരളീധരൻ. ഹൈക്കമാൻഡ് എടുത്ത തീരുമാനം അംഗീകരിക്കുന്നു. അതിനർഥം പരാതി ഇല്ലെന്നല്ല, എന്നാൽ സ്ഥിരം പരാതിക്കാരാനാവാൻ താൻ ഇല്ലെന്നും കെ മുരളീധരൻ കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു.

ലോക്സഭാ സീറ്റിൽ ഇരുപതിൽ ഇരുപതും ജയിക്കണമെന്നാണ് ആഗ്രഹം. ഇനിയൊരു അനാവശ്യവിവാദം വേണ്ടെന്നാണ് തീരുമാനം. ജനം കാര്യമായ ഉത്തരവാദിത്വമാണ് യുഡിഎഫിനെ ഏൽപ്പിച്ത്. അത് വിമർശനം കൊണ്ട് ഇല്ലാതാവുന്ന ഒരു സ്ഥിതി വിശേഷം ഉണ്ടാവരുത്. ഹൈക്കമാൻഡ് എടുത്ത തീരുമാനം അംഗീകരിക്കുക. അതിനെ ചോദ്യം ചെയ്യാനില്ല. ഇത് ചോദ്യം ചെയ്യുന്നവർ പുറത്തുപോകേണ്ടിവരുമെന്നും മുരളീധരൻ പറഞ്ഞു.

വിഴുപ്പലക്കുക എന്ന പ്രയോഗത്തോട് തനിക്ക് യോജിപ്പില്ല. വിഴുപ്പ് അലക്കിയാൽ അല്ലേ പിന്നെയും ആ തുണി ഉപയോഗിക്കാൻ പറ്റുക. മാലിന്യം കളയാനാണ് വിഴുപ്പലക്കുന്നത്. അല്ലെങ്കിൽ നാറും. വേണ്ട സമയത്ത് വിഴുപ്പലക്കി ശുദ്ധമാക്കണമെന്നതാണ് തന്റെ നിലപാട്. വിഴുപ്പുകൾ ഉണ്ടെങ്കിൽ അത് അലക്കിയാൽ ശുദ്ധമായി ഉപയോഗിക്കാം മുരളീധരൻ പറഞ്ഞു. തങ്ങളെല്ലാം ഹൈക്കമാൻഡിന് കീഴടങ്ങിയ പാർട്ടി നേതാക്കളാണ്. ഹൈക്കമാൻഡാണ് സുപ്രീം. ആരുപറഞ്ഞാലും അനുസരിക്കില്ലെന്ന് പറഞ്ഞാൽ പാർട്ടിയിൽ നിൽക്കാൻ പറ്റുമേ?. ഞങ്ങളുടെ പ്രയാസങ്ങളൊക്കെ പറഞ്ഞു എന്നുവരുമെന്നും മുരളീധരൻ പറഞ്ഞു.

ലോക്സഭയിലേക്ക് മത്സരിക്കാതെ നിയമസഭയിലേക്ക് മത്സരിക്കുമോ എന്ന ചോദ്യത്തിന് മറുപടി ഇങ്ങനെ; മത്സരംഗത്തേക്ക് ഇല്ലെന്നാണ് താൻ പാർട്ടിയെ അറിയിച്ത്. പാർലമെന്റിലേക്കും ഇല്ല, രണ്ട് കൊല്ലം കഴിഞ്ഞ് നിയമസഭയിലേക്കും ഇല്ല. നിയമസഭയിലേക്ക് എന്നുപറയാൻ അത്രയ്ക്ക് ചീപ്പായിട്ടൊന്നും പറയുന്ന ആളല്ല താനെന്നും മുരളീധരൻ പറഞ്ഞു. പുതുപ്പള്ളിയിലെ വിജയത്തിനുള്ള ക്രഡിറ്റ് യുഡിഎഫാണ്. എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിച്ചു. വിഡി സതീശൻ പ്രതിപക്ഷ നേതാവ് എന്ന നല്ലരീതിയിൽ പ്രവർത്തിച്ചു. എല്ലാവരും ഏൽപ്പിച്ച ജോലി ചെയ്തു. യുഡിഎഫ് ഒറ്റക്കെട്ടാണ് തോന്നിയപ്പോൾ ജനം വോട്ട് ചെയ്തു. നാളെയും അങ്ങനെയായിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സോളാർ കേസിൽ ഗൂഢാലോചനയിൽ പങ്കെടുത്തുവരെ പുറത്തുകൊണ്ടുവരണം. ഇക്കാര്യത്തിൽ നിഷ്പക്ഷമായ അന്വേഷണം നടത്തണം. കെട്ടുകഥകൾ ഉണ്ടാക്കി ഭരണം അട്ടിമറിക്കാൻ ശ്രമിക്കുന്നത് തെറ്റാണ് ക്രൂരമാണ്. ഉമ്മൻചാണ്ടിയോട് ഇത് രണ്ടും ചെയ്തു. ഇത് ഭാവിയിൽ ആവർത്തിക്കരുത്.സിബിഐ റിപ്പോർട്ട് ആയത് കൊണ്ട ജ്യൂഡിഷ്യൽ അന്വേഷണമാണ് നല്ലതെന്നും മുരളീധരൻ പറഞ്ഞു.

വലുപ്പത്തിൽ ഇടുക്കി ജില്ല വീണ്ടും ഒന്നാമത്; എറണാകുളം ജില്ലയുടെ വിസ്തീർണം കുറഞ്ഞു

തിരുവനന്തപുരം: സംസ്ഥാനത്തെ ഏറ്റവും വലിയ ജില്ലയായി ഇടുക്കി വീണ്ടും മാറി. പാലക്കാടിനെ പിന്തള്ളിയാണ് വലുപ്പത്തിൽ ഇടുക്കി ഒന്നാം സ്ഥാനത്തെത്തിയത്.

എറണാകുളം ജില്ലയിലെ കുട്ടമ്പുഴ വില്ലേജിൻറെ ഭാഗമായ 12718.5095 ഹെക്ടർ സ്ഥലം ഇടുക്കിയിലെ ഇടമലക്കുടി വില്ലേജിലേക്ക് കൂട്ടിച്ചേർത്തതോടെയാണ് സംസ്ഥാനത്തെ വലുപ്പം കൂടിയ ജില്ല എന്ന പദവി ഇടുക്കിക്ക് തിരികെ ലഭിച്ത്. ഭരണ സൗകര്യം കണക്കിലെടുത്താണ് കുട്ടമ്പുഴ വില്ലേജിൻറെ ഭാഗമായ ഭൂമി ഇടുക്കിയിലെ ഇടമലക്കുടി പഞ്ചായത്തിലേക്ക് കൂട്ടിച്ചേർത്തത്. കൂട്ടിച്ചേർക്കലോടെ ഇടുക്കിയുടെ ആകെ വിസ്തീർണം 4358ൽ നിന്നും 4612 ചതുരശ്ര കിലോമീറ്ററായി വർധിച്ചു. ഇതുവരെ ഒന്നാമതായിരുന്ന പാലക്കാടിൻറെ വിസ്തൃതി 4482 ചതുരശ്ര കിലോമീറ്ററാണ്. ഇടുക്കിക്ക് ഭൂമി വിട്ടുനൽകിയതോടെ എറണാകുളം ജില്ല വിസ്തീർണത്തിന്റെ കാര്യത്തിൽ നാലാം സ്ഥാനത്തുനിന്നും അഞ്ചാം സ്ഥാനത്തേക്ക് താണു.

3068 ചതുരശ്ര കിലോമീറ്ററുണ്ടായിരുന്ന എറണാകുളത്തിന്റെ പുതിയ വിസ്തീർണം 2924 ചതുരശ്ര കിലോ മീറ്ററാണ്. വലിപ്പത്തിൽ മൂന്നാമത് മലപ്പുറവും (3550), നാലാമത് തൃശൂരുമാണ്. അഞ്ചാമതായിരുന്ന തൃശൂർ (3032 ചതുരശ്ര കിലോ മീറ്റർ) നാലാം സ്ഥാനത്തേക്ക് ഉയർന്നു.1997നു മുൻപ് ഇടുക്കി തന്നെയായിരുന്നു സംസ്ഥാനത്തെ ഏറ്റവും വലിയ ജില്ല. എന്നാൽ 1997 ജനുവരി 1ന് ദേവികുളം താലൂക്കിൽ നിന്നു കുട്ടമ്പുഴ വില്ലേജ് എറണാകുളത്തെ കോതമംഗലം താലൂക്കിലേക്കു ചേർത്തതോടെയാണ് ഇടുക്കിയുടെ വലുപ്പം കുറഞ്ഞത്. രണ്ടാം സ്ഥാനത്തായിരുന്ന പാലക്കാട് മൂന്നിലെത്തി. ഇടമലക്കുടി വില്ലേജിന്റെ വിസ്തീർണം 9558.8723 ഹെക്ടറിൽ നിന്നു 22,277.3818 ഹെക്ടറായി കൂടി. പുതിയ മാറ്റത്തോടെയുള്ള വിജ്ഞാപനം സർക്കാർ പുറത്തിറക്കി.

റോഡിലെ വെള്ളക്കെട്ടിൽ നിയന്ത്രണം വിട്ട് ഓട്ടോറിക്ഷ മറിഞ്ഞു; ഡ്രൈവർ മരിച്ചു

മലപ്പുറം: മലപ്പുറം എടവണ്ണ വടശ്ശേരിയിൽ റോഡിലെ വെള്ളക്കെട്ടിൽ നിയന്ത്രണം വിട്ട് ഓട്ടോറിക്ഷ മറിഞ്ഞ് ഡ്രൈവർ മരിച്ചു. മണിമൂലി സ്വദേശി കാരേങ്ങൽ യൂനുസ് ആണ് മരിച്ത്. കരിപ്പൂർ വിമാനത്താവളത്തിൽ നിന്നും യാത്രക്കാരുമായി പോയ ഓട്ടോറിക്ഷയാണ് അപകടത്തിൽപ്പെട്ടത്. എടവണ്ണ- കൊയിലാണ്ടി റോഡിലാണ് അപകടം. വളവുള്ള ഭാഗത്ത് റോഡിൽ വെള്ളക്കെട്ട് കണ്ട് ബ്രേക്ക് ചെയ്തപ്പോൾ ഓട്ടോറിക്ഷ മറിയുകയായിരുന്നു. ഓട്ടോയുടെ അടിയിൽപ്പെട്ട യൂനുസിനെ നാട്ടുകാർ പുറത്തെടുത്ത് ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ഓട്ടോറിക്ഷയിൽ ഉണ്ടായിരുന്ന യാത്രക്കാർക്ക് അപകടത്തിൽ പരിക്കേറ്റിട്ടുണ്ട്. റോഡിലെ വെള്ളക്കെട്ടു മൂലം കഴിഞ്ഞയാഴ്ച ഒരു ബൈക്ക് മറിഞ്ഞ് യാത്രക്കാരന് സാരമായി പരിക്കേറ്റിരുന്നു.

കേട്ടുകേൾവിയില്ലാത്ത നീചമായ ഗൂഢാലോചന; ഉമ്മൻ ചാണ്ടിയെ വേട്ടയാടിയവർ കണക്കുപറയേണ്ടിവരും: വിഡി സതീശൻ

തിരുവനന്തപുരം: സോളാർ കേസിൽ ഉമ്മൻ ചാണ്ടിയെ കുടുക്കാൻ ഗൂഢലോചന നടത്തിയെന്ന സിബിഐയുടെ അന്തിമ റിപ്പോർട്ട് ഒറ്റുകാർക്കും ചതിച്ചവർക്കുമുള്ള മറുപടിയാണെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ. രാഷ്ട്രീയ ലാഭത്തിന് വേണ്ടി എന്ത് ഹീനകൃത്യവും ചെയ്യാൻ മടിക്കാത്തവരാണ് സിപിഎമ്മും അവർ നേതൃത്വം നൽകുന്ന മുന്നണിയും. സിബിഐ റിപ്പോർട്ട് അതിന് അടിവരയിടുന്നുവെന്നും അദ്ദേഹം പറഞ്ഞു.ജീവിതത്തിലും മരണശേഷവും ക്രൂരമായി വേട്ടയാടപ്പെട്ട വ്യക്തിയാണ് ഉമ്മൻ ചാണ്ടി. ഉമ്മൻ ചാണ്ടിക്കെതിരെ ഗൂഢാലോചന നടത്തിയതും വേട്ടയാടിയതും ആരാണോ അവർ കണക്ക് പറയേണ്ടി വരും. സർക്കാരിനെ അട്ടിമറിക്കുന്നതിന് വേണ്ടി സിപിഎമ്മിന്റെ ആശിർവാദത്തോടെ നടന്നതാണ് നീചമായ ഈ ഗൂഢാലോചന. തട്ടിപ്പ് കേസിലെ പ്രതിയെ വിളിച്ച് വരുത്തി പരാതി എഴുതി വാങ്ങി സിബിഐ അന്വേഷത്തിന് ഉത്തരവിട്ട മുഖ്യമന്ത്രിക്കും ഗൂഢാലോചനയുടെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറാനാകില്ല. ഇത്രയും നീചവും തരംതാണതുമായ ഗൂഢാലോചന കേരള ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്തതാണ്. ഇതിന് പിന്നിൽ പ്രവർത്തിച്ചവരെക്കുറിച്ച് സിബിഐ റിപ്പോർട്ടിൽ കൃത്യമായി പറയുന്നുണ്ട്. അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണം. ഉമ്മൻ ചാണ്ടി ഇനിയും ജനഹൃദയങ്ങളിൽ ജീവിക്കും. വേട്ടയാടിയവർ ജനങ്ങളാൽ വെറുക്കപ്പെടും. കണക്ക് ചോദിക്കാതെ ഒരു കാലവും കടന്ന് പോകില്ലെന്ന് ഓർക്കണം.-അദ്ദേഹം പറഞ്ഞു.

80ന് പകരം 24 മാർക്ക്; വിദ്യാർഥിനിയുടെ വിദേശ തുടർപഠനം നഷ്ടപ്പെടുത്തി കാലിക്കറ്റ്

തേഞ്ഞിപ്പലം: വിദേശ സർവകലാശാലയിൽ ഡിഗ്രിക്ക് പ്രവേശനം ലഭിക്കേ

വിമാനത്തിൽ വെച്ച് ശരീരത്തിൽ കയറിപ്പിടിച്ചു; യാത്രക്കാരിയുടെ പരാതി

ന്യൂഡൽഹി: വിമാനയാത്രയ്ക്കിടെ യാത്രക്കാരൻ വനിതാ യാത്രക്കാരിയോട് മോശമായി പെരുമാറിയതായി പരാതി. മുംബൈ-ഗുവാഹത്തി ഇൻഡിഗോ വിമാനത്തിൽ ഇന്നലെയാണ് കേസിനാസ്പദമായ സംഭവം നടക്കുന്നത്. യാത്രയ്ക്കിടെ യാത്രക്കാരൻ ലൈംഗികോദ്ദേശത്തോടെ ശരീരത്തിൽ കയറിപ്പിടിച്ചു എന്നാണ് സ്ത്രീയുടെ പരാതി. യാത്രക്കാരിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ വിമാനം ഗുവാഹത്തിയിൽ ലാൻഡ് ചെയ്തപ്പോൾ, യാത്രക്കാരനെ അസം പൊലീസിന് കൈമാറിയതായി വിമാനക്കമ്പനി വക്താവ് അറിയിച്ചു. യാത്രക്കാരിയുടെ പരാതിയിൽ പൊലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്തതായും, പൊലീസ് ആവശ്യമായ എല്ലാ സഹായവും വിമാനക്കമ്പനി നൽകുമെന്നും അദ്ദേഹം അറിയിച്ചു. കഴിഞ്ഞ രണ്ടു മാസത്തിനിടെ വിമാനത്തിനുള്ളിൽ വെച്ചുള്ള നാല് ലൈംഗികാതിക്രമ കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്.

ജി 20 ഉച്ചകോടി സമാപിച്ചു; അധ്യക്ഷ പദവി ബ്രസീലിന് കൈമാറി

ന്യൂഡൽഹി: ഡൽഹിയിൽ നടന്ന ജി 20 ഉച്ചകോടി സമാപിച്ചു. അധ്യക്ഷ പദവി ഇന്ത്യ ബ്രസീലിന് കൈമാറി. പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് അധ്യക്ഷപദവി ബ്രസീൽ പ്രസിഡന്റ് ലുലഡ സിൽവയ്ക്ക് കൈമാറിയത്.

എങ്കിലും നവംബർ വരെ അധ്യക്ഷ പദവി ഇന്ത്യയ്ക്കായിരിക്കും. നവംബറിൽ ജി 20 വർക്കിങ് സെഷൻ ചേരും. യുഎൻ രക്ഷാ കൗൺസിലിൽ പരിഷ്കരണം വേണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആവശ്യപ്പെട്ടു. സൈബർ മേഖല ഭീകരതയ്ക്കും ഭീകരഫണ്ടിങ്ങിനും ഉപയോഗിക്കുന്നത് തടയണം.

നിർമ്മിത ബുദ്ധിയുടെ പ്രയോഗം മനുഷ്യകേന്ദ്രീകൃതമാകണമെന്നും നരേന്ദ്രമോദി ആവശ്യപ്പെട്ടു. ഉച്ചകോടിക്കെത്തിയ ലോകനേതാക്കൾ രാവിലെ രാജ്ഘട്ടിലെത്തി മഹാത്മാ ഗാന്ധിക്ക് ആദരം അർപ്പിച്ചിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലാണ് സംഘം രാജ്ഘട്ടിലെത്തിയത്.

രാജ്ഘട്ടിലെത്തിയ നേതാക്കളെ ഖാദി ഷോൾ അണിയിച്ചാണ് പ്രധാനമന്ത്രി സ്വീകരിച്ചത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയും അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനും യുകെ പ്രധാനമന്ത്രി ഋഷി സുനകും ഒരുമിച്ചാണ് രാജ്ഘട്ടിൽ നടന്നുനീങ്ങിയത്. രാജ്ഘട്ടിൽ സ്ഥാപിച്ചിരുന്ന പീസ് വോളിൽ നേതാക്കൾ ഒപ്പുവച്ചു. ആഫ്രിക്കൻ യൂണിയന് അംഗത്വം നൽകാൻ ഇന്നലെ ജി 20 ഉച്ചകോടി തീരുമാനിച്ചിരുന്നു.

മനുഷ്യാവകാശം, മാധ്യമസ്വാതന്ത്ര്യം എന്നിവയടക്കം സംസാരിച്ചെന്ന് ബൈഡൻ; മോദിക്കെതിരേ കോൺഗ്രസ്

ന്യൂഡൽഹി: ജി20 ഉച്ചകോടിക്കിടെ നടന്ന കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി മോദിയുമായി പ്രധാന വിഷയങ്ങളിൽ ആശയവിനിമയം നടത്തിയെന്ന് യുഎസ് പ്രസിഡന്റ് ജോ ബൈഡൻ. മനുഷ്യാവകാശം, സിവിൽ സമൂഹം, പത്രസ്വാതന്ത്ര്യം തുടങ്ങിയ വിഷയങ്ങളിൽ മോദിയുമായി സംസാരിച്ചെന്ന് ബൈഡൻ വിയറ്റ്നാമിൽ പറഞ്ഞു.'മനുഷ്യാവകാശങ്ങളെ ബഹുമാനിക്കേണ്ടതിന്റെ ആവശ്യകത, സിവിൽ സമൂഹത്തിനുള്ള സുപ്രധാന പങ്ക്, പത്രസ്വാതന്ത്ര്യം തുടങ്ങിയ വിഷയങ്ങളിൽ മോദിയുമായി സംസാരിച്ചു', തന്റെ വിയറ്റ്നാം സന്ദർശനത്തിനിടെ മാധ്യമങ്ങളുമായി നടത്തിയ കൂടിക്കാഴ്ചയിൽ ബൈഡൻ പറഞ്ഞു. ജി20 ഉച്ചകോടിയുടെ സംഘാടനത്തിൽ പ്രധാനമന്ത്രി മോദിയുടെ നേതൃപാടവവും ആതിഥേയത്വവും അദ്ദേഹം എടുത്തുപറഞ്ഞു. ബൈഡന്റെ പ്രസ്താവന പുറത്തുവന്നതിനു പിന്നാലെ മോദിക്കെതിരേ രൂക്ഷവിമർശനവുമായി കോൺഗ്രസ് രംഗത്തെത്തി. 'പത്രസമ്മേളനം നടത്തില്ല, നടത്താൻ നിങ്ങളെ അനുവദിക്കില്ല എന്നാണ് മോദി ബൈഡനോട് പറഞ്ഞത്. മനുഷ്യാവകാശങ്ങളെ ബഹുമാനിക്കുന്നതിനേക്കുറിച്ചും സിവിൽ സമൂഹത്തിന്റെയും പത്രസ്വാതന്ത്ര്യത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചും ഇന്ത്യയിൽവെച്ച് മോദിയോട് പറഞ്ഞ കാര്യങ്ങൾത്തന്നെ ബൈഡൻ വിയറ്റ്നാമിൽവെച്ചും പറഞ്ഞു'.

മദ്യപിക്കാൻ പണം നൽകിയില്ല; യുവാവ് അച്ഛനെ അടിച്ചുകൊന്നു

മുംബൈ: മദ്യപിക്കാൻ പണം നൽകാത്തതിനെ തുടർന്ന് മകൻ അച്ഛനെ അടിച്ചുകൊന്നു. 45കാരനായ അമിത് റായ്പുർക്കറാണ് വയോധികനായ പിതാവിനെ ഇരുമ്പുവടികൊണ്ട് ക്രൂരമായി മർദിച്ചത്.

മഹാരാഷ്ട്രയിലെ നാഗ്പൂരിലാണ് സംഭവം. കേസിൽ റായ്പൂർക്കറെ പൊലീസ് അറസ്റ്റ് ചെയ്തു.ലോറി ഡ്രൈവറായ അമിത് ശനിയാഴ്ച രാത്രി മദ്യപിച്ചാണ് വീട്ടിലെത്തിയത്.

മദ്യം വാങ്ങാനായി ഭാര്യയോടും പിതാവിനോടും പണം ആവശ്യപ്പെട്ടെങ്കിലും അവരാരും പണം നൽകിയില്ല. തുടർന്ന് അമിത് ഭാര്യയെ മർദിക്കാൻ തുടങ്ങി. മകന്റെ മർദനത്തിൽ നിന്ന് യുവതിയെ രക്ഷിക്കുന്നതിനിടെയാണ് പിതാവിന് അടിയേറ്റത്. ഉടൻ തന്നെ വയോധികനെ ആശുപത്രിയിലെത്തിച്ചെങ്കിലും അപ്പോഴെക്കും മരിച്ചിരുന്നു. അമിത്തിനെതിരെ കൊലപാതകത്തിന് കേസ് എടുത്തതായി പൊലീസ് അറിയിച്ചു.

മഹാരാഷ്ട്രയിൽ ലിഫ്റ്റ് തകർന്ന് ആറ് മരണം

മുംബൈ: മഹാരാഷ്ട്രയിലെ താനെയിൽ ലിഫ്റ്റ് തകർന്ന് ആറു പേർ മരിച്ചു. അടുത്തിടെ പണി പൂർത്തിയായ 40 നില കെട്ടിടത്തിലെ ലിഫ്റ്റ് തകർന്ന് നിർമ്മാണ തൊഴിലാളികളാണ് മരിച്ചത്. വൈകുന്നേരം 6 മണിയോടെയാണ് സംഭവം. രണ്ടു പേർക്ക് ഗുരുതരമായി പരിക്കേറ്റു. ഇവരെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.ബൽകം ഏരിയയിലെ 40 നിലകളുള്ള റൺവാൾ ഐറിൻ എന്ന കെട്ടിടത്തിലാണ് അപകടമുണ്ടായത്. കെട്ടിടത്തിലെ വാട്ടർപ്രൂഫിങ് ജോലികൾ നടക്കുകയായിരുന്നുവെന്നാണ് റിപ്പോർട്ട്. കെട്ടിടത്തിലെ ജോലി കഴിഞ്ഞ ശേഷം ജീവനക്കാർ താഴേക്ക് വരുന്നതിനിടെ ലിഫ്റ്റ് കയർ പൊട്ടിയാണ് അപകടം. സംഭവ സ്ഥലത്തെത്തിയ രക്ഷാ പ്രവർത്തകർ ലിഫ്റ്റിൽ കുടുങ്ങിയവരെ പുറത്തെത്തിച്ചെങ്കിലും ആറു പേരുടെ ജീവൻ രക്ഷിക്കാനായില്ല. സംഭവത്തിൽ പൊലീസ് അന്വേഷണം ആരംഭിച്ചു.



സ്ത്രീകൾക്ക് സൗജന്യ യാത്ര അനുവദിച്ചതിൽ പ്രതിഷേധം; ബെംഗളൂരുവിൽ വാഹന ബന്ദ്

ബെംഗളൂരു: സർക്കാർ ബസുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര അനുവദിച്ചതിനെതിരെ ബെംഗളൂരുവിൽ ഇന്ന് വാഹന ബന്ദ്.

'സ്ത്രീശക്തി' പദ്ധതി സ്വകാര്യ വാഹനങ്ങൾക്ക് ഭീഷണിയാകുന്നതിൽ പ്രതിഷേധിച്ചാണ് ബന്ദ്. ഞായറാഴ്ച അർധരാത്രി മുതൽ തിങ്കളാഴ്ച അർധരാത്രിവരെയാണ് ബന്ദ്.32 യൂണിയനുകൾ ഉൾപ്പെടുന്ന ഫെഡറേഷൻ ഓഫ് കർണാടക സ്റ്റേറ്റ് പ്രൈവറ്റ് ട്രാൻസ്പോർട്ട് അസോസിയേഷനാണ് ബന്ദിന് ആഹ്വാനം ചെയ്തത്. സ്വകാര്യ ബസുകൾ, ഓട്ടോറിക്ഷ, ടാക്സി എന്നിവയും സ്കൂൾ ബസുകളും ഇന്ന് നിരത്തിലിറങ്ങില്ല.

ബന്ദ് ജനജീവിതത്തെ ബാധിക്കാതിരിക്കാൻ 500 അധിക ബസ് സർവീസ് നടത്തുമെന്ന് സർക്കാർ അറിയിച്ചു. വിമാനത്താവളത്തിലേക്ക് കൂടുതൽ സർവീസ് നടത്തും. സ്ത്രീശക്തി പദ്ധതിമൂലമുണ്ടായ നഷ്ടം സർക്കാർ നികത്തുക, ബൈക്ക് ടാക്സികളെ നിരോധിക്കുക എന്നിവയുൾപ്പെടെയുള്ള 28 ആവശ്യങ്ങളാണ് യൂണിയനുകൾ മുന്നോട്ടുവെക്കുന്നത്.

'ഇന്ത്യയുടെ പേര് 'ഭാരത്' എന്നാക്കും; താൽപര്യമില്ലാത്തവർ രാജ്യം വിട്ടോളൂ': പശ്ചിമബംഗാൾ ബി.ജെ.പി നേതാവ്

കൊൽക്കത്ത: രാജ്യത്തിന്റെ പേര് ഭാരതം എന്ന് പുനർനാമകരണം ചെയ്യുമെന്നും പേരുമാറ്റത്തിൽ താൽപര്യമില്ലാത്തവർ രാജ്യം വിട്ടുപോകണമെന്നും ബി.ജെ.പി നേതാവ്. പശ്ചിമ ബംഗാളിലെ മേദിനിപുരിൽ നിന്നുള്ള എം.പിയും മുതിർന്ന ബി.ജെ.പി നേതാവുമായ ദിലീപ് ഘോഷാണ് വിവാദ പ്രസ്താവന നടത്തിയത്. തന്റെ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഖരഗ്പൂർ നഗരത്തിലെ 'ചായ് പേ ചർച്ച' പരിപാടിയിൽ സംസാരിക്കവെയാണ് പരാമർശം നടത്തിയത്.'പശ്ചിമ ബംഗാളിൽ ഞങ്ങളുടെ പാർട്ടി അധികാരത്തിൽ വരുമ്പോൾ, കൊൽക്കത്തയിലെ എല്ലാ വിദേശികളുടെ പ്രതിമകളും ഞങ്ങൾ നീക്കം ചെയ്യും.' 'ഇന്ത്യയുടെ പേര് ഭാരതം എന്ന് പുനർനാമകരണം ചെയ്യും, അത് ഇഷ്ടപ്പെടാത്തവർക്ക് രാജ്യം വിടാൻ സ്വാതന്ത്ര്യമുണ്ട്,' അദ്ദേഹം പറഞ്ഞു.ഒരു രാജ്യത്തിന് രണ്ട് പേരുകളുണ്ടാകില്ലെന്നും ജി 20 ഉച്ചകോടിയിൽ പങ്കെടുക്കാൻ ലോക നേതാക്കൾ ന്യൂഡൽഹിയിൽ ഉള്ളതിനാൽ പേര് മാറ്റാനുള്ള ശരിയായ സമയമാണിതെന്നും സംസ്ഥാനത്തെ മറ്റൊരു മുതിർന്ന ബിജെപി നേതാവ് രാഹുൽ സിൻഹ നേരത്തെ പറഞ്ഞിരുന്നു.അതേസമയം, പ്രതിപക്ഷ ഐക്യസഖ്യമായ ഇന്ത്യയെ ഭയപ്പെട്ടിരിക്കുന്ന ബിജെപി യഥാർഥപ്രശ്നങ്ങളിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധ വ്യതിചലിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങളാണ് രാജ്യത്തിന്റെ പേരുമാറ്റമുൾപ്പെടെയുള്ളവയെന്ന് തൃണമൂൽ കോൺഗ്രസ് പാർട്ടി വക്താവ് ശന്തനു സെൻ ആരോപിച്ചു.

അമേരിക്കക്കു മുന്നിൽ തുറമുഖങ്ങൾ തുറന്നിടാൻ ഇന്ത്യ; കരാർ ഒപ്പുവെച്ചു

ന്യൂഡൽഹി: മുംബൈയിൽ അമേരിക്കൻ യുദ്ധക്കപ്പലുകൾക്ക് താവളമടിച്ച് അറ്റകുറ്റപ്പണി നടത്താൻ സഹായിക്കുന്ന രണ്ടാം മാസ്റ്റർ ഷിപ്പ് റിപ്പയർ കരാർ (എം.എസ്.ആർ.എ) ഒപ്പുവെച്ച് ഇന്ത്യ.

അമേരിക്കൻ നാവികസേനയും കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള മുംബൈ ആസ്ഥാനമായ മാസഗോൺ ഡോക്ക്ഷിപ്പ് ബിൽഡേഴ്സ് ലിമിറ്റഡുമാണ് (എം.ഡി.എൽ) വ്യാഴാഴ്ച കരാറിൽ ഒപ്പുവച്ചത്.ഇതോടെ അമേരിക്കൻ പടക്കപ്പലുകൾക്കും വിമാന വാഹിനികൾക്കും ഇന്ത്യൻ തീരത്ത് നങ്കൂരമിടാം.

വൈറ്റ് ഹൗസ് പുറത്തുവിട്ട സംയുക്ത പ്രസ്താവനയിലാണ് രാജ്യത്തിന്റെ പരമാധികാരത്തെ മുൾമുനയിലാക്കുന്ന കരാർ വിവരങ്ങൾ പുറത്തുവന്നത്.ഇന്തോ- പസഫിക് മേഖലയിൽ ചൈനയ്ക്കുള്ള സ്വാധീനം അമേരിക്കയുടെ താൽപ്പര്യങ്ങൾക്ക് വിഘാതമായതോടെയാണ് ഇന്ത്യയെ കൂട്ടുപിടിച്ച് 'തന്ത്രപരമായ സൈനിക സഹകരണം' വർധിപ്പിക്കുന്നത്. ഫലത്തിൽ അറ്റകുറ്റപ്പണിയുടെ പേരിൽ അമേരിക്കൻ യുദ്ധക്കപ്പലുകൾക്ക് ഇന്ത്യൻ തീരത്ത് തമ്പടിക്കാനാവും.

കഴിഞ്ഞ വർഷം ഏപ്രിലിൽ നടന്ന ഇരു രാഷ്ട്രങ്ങളുടെയും വിദേശ, പ്രതിരോധ മന്ത്രിമാരുടെ കൂടിക്കാഴ്ചയിൽ ഇന്ത്യ മുന്നോട്ടുവച്ച ആശയത്തിന്റെ ഭാഗമായുള്ള ആദ്യ എംഎസ്ആർഎ കരാർ ജൂലൈയിൽ നടപ്പാക്കിയിരുന്നു. അഞ്ചുവർഷത്തേക്കുള്ള ആദ്യ കരാർ പ്രകാരം ചെന്നൈ കട്ടുപ്പള്ളിയിലെ ലാർസൻ ആൻഡ് ടൂബ്രോ ലിമിറ്റഡ് (എൽ ആൻഡ് ടി) ഷിപ്പ്യാർഡിലാണ് അമേരിക്കൻ പടക്കപ്പലുകളും മറ്റും അറ്റകുറ്റപ്പണി നടത്തുക. മോദി ഈ വർഷം ജൂണിൽ നടത്തിയ അമേരിക്കൻ സന്ദർശനത്തിൽ ഒപ്പിട്ട ഇന്ത്യ-യുഎസ് ഡിഫൻസ് ആക്സിലറേഷൻ ഇക്കോസിസ്റ്റം (ഇൻഡക്സ് എക്സ്) കരാർ പ്രകാരമാണ് രാജ്യത്തെ തന്ത്രപ്രധാന നാവികകേന്ദ്രങ്ങളിൽ അമേരിക്കയ്ക്ക് കടന്നുകയറാൻ സഹായകമാകുന്ന കരാറിനും വഴിതുറന്നത്.സംയുക്ത പ്രസ്താവന ഇന്ത്യൻ മണ്ണിൽ അമേരിക്കൻ സൈനികത്താവളം നിർമിക്കുന്നതിന്റെ മുന്നോടിയാണോ എന്ന് കോൺഗ്രസ് നേതാവ് മനീഷ് തിവാരി ചോദിച്ചു. കഴിഞ്ഞ ജൂണിലും സമാനമായ പ്രസ്താവന ഉണ്ടായിരുന്നു. തന്ത്രപ്രധാനമായ നാവികകേന്ദ്രങ്ങളിൽ അമേരിക്കൻ കപ്പലുകൾ നങ്കൂരമിടുന്നത് രാജ്യത്തിന്റെ പരമാധികാരത്തെ ആശങ്കയിലാക്കുമെന്നും ആരോപണമുണ്ട്.

മധ്യപ്രദേശിൽ ബി.ജെ.പി മുൻ എം.എൽ.എ കോൺഗ്രസിൽ ചേർന്നു

ഭോപ്പാൽ: മധ്യപ്രദേശിൽ ബി.ജെ.പി മുൻ എം.എൽ.എ കോൺഗ്രസിൽ ചേർന്നു. നർമ്മദാപുരം ജില്ലയിൽ നിന്ന് രണ്ട് തവണ എം.എൽ.എയായ ഗിരിജ ശങ്കർ ശർമ്മയാണ് കോൺഗ്രസിൽ ചേർന്നത്.73 കാരനായ ഇദ്ദേഹത്തോടൊപ്പം ബിജെപിയുടെ ടികംഗഡ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഭക്തി തിവാരിയടക്കം നിരവധി പേർ കോൺഗ്രസിൽ ചേർന്നിട്ടുണ്ട്. പതിറ്റാണ്ടുകളായി ബി.ജെ.പി അനുഭാവ കുടുംബമാണ് ശർമ്മയുടേത്. 2003 ലും 2008 ലുമാണ് ഹൊഷംഗബാദ് എം.എൽ.എ യായത്. ശർമ്മ ഒമ്പത് ദിവസം മുമ്പ് ബിജെപിയിൽ നിന്ന് രാജി വച്ചിരുന്നു.

ഇദ്ദേഹത്തിന്റെ ഇളയ സഹോദരൻ സീതാശരൺ ശർമ മധ്യപ്രദേശ് നിയമസഭാ സ്പീക്കറാണ്. സീതാശരൺ ശർമ ഹോഷംഗാബാദ് മണ്ഡലത്തിൽ നിന്ന് അഞ്ചുതവണ ബി.ജെ.പി ടിക്കറ്റിൽ എം.എൽ.എയായിട്ടുണ്ട്. ഈ വർഷം അവസാനം മധ്യപ്രദേശിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാനിരിക്കുകയാണ് കോൺഗ്രസിലേക്കുള്ള കൂടുമാറ്റം.

മധ്യപ്രദേശ് കോൺഗ്രസ് അധ്യക്ഷൻ കമൽനാഥാണ് ഗിരിജ ശങ്കർ ശർമ്മക്ക് പാർട്ടി അംഗത്വം നൽകിയത്.

'മാതാവിന് നിരന്തരം പീഡനം, വീട്ടിൽ നിന്ന് ഇറക്കി വിട്ടു'; പിതാവിനെയും മുത്തശ്ശനെയും 21 കാരൻ വെട്ടി

ഗ്രേറ്റർ നോയിഡ: ഗ്രേറ്റർ നോയിഡയിലെ ദങ്കൗറിൽ 21കാരൻ പിതാവിനെയും മുത്തച്ഛനെയും വെട്ടിക്കൊന്നു. സെപ്തംബർ ഏഴിന് രാത്രിയാണ് ഇരട്ട കൊലപാകം നടന്നത്. പ്രതിയായ ജാസ്മിനെ പൊലീസ് അറസ്റ്റ് ചെയ്തു. കൊലപാതകത്തിന് ഉപയോഗിച്ച ആയുധങ്ങളും പൊലീസ് കണ്ടെടുത്തു.ദൻകൗറിലെ ബല്ലു ഖേര ഗ്രാമത്തിലെ നിർമ്മാണത്തിലിരിക്കുന്ന ഫിലിം സ്റ്റുഡിയോയിൽ വെച്ചാണ് ജാസ്മിൻ പിതാവ് വിക്രമജിത് റാവുവിനെയും മുത്തച്ഛൻ രാംകുമാറിനെയും കൊലപ്പെടുത്തിയതെന്നാണ് പൊലീസ് പറയുന്നത്. ഇരുവരും ഉറങ്ങിക്കിടക്കുമ്പോഴായിരുന്നു കൊലപാതകം നടത്തിയത്. പിതാവ് അമ്മയെ നിരന്തരം പീഡിപ്പിക്കുകയായിരുന്നെന്നാണ് ജാസ്മിൻ പൊലീസിന് നൽകിയ മൊഴി. അമ്മയെയും മക്കളെയും പിതാവിന്റെ വീട്ടിൽ നിന്ന് ഇറക്കിവിടുകയും ചെയ്തെന്നും ഇയാൾ പറയുന്നു. ഇരുവരും വിവാഹമോചനത്തിന്റെ ഘട്ടത്തിലാണ്.ഇതിന്റെ പ്രതികാരത്തിലാണ് പിതാവിനെ കൊലപ്പെടുത്താൻ തീരുമാനിച്ചതെന്നും പ്രതി പറയുന്നു. സ്റ്റുഡിയോയിൽ സൂക്ഷിച്ചിരുന്ന കോടാലി ഉപയോഗിച്ചാണ് പിതാവിനെ കൊലപ്പെടുത്തിയത്. നിലവിളി കേട്ടാണ് മുത്തച്ഛൻ ഉണർന്നത്. തന്നെ തിരിച്ചറിയുമോ എന്ന ഭയത്തിലാണ് മുത്തശ്ശനെയും കൊലപ്പെടുത്തിയത്. കൊലപതാകത്തിന് ശേഷം ആയുധങ്ങൾ ഉപേക്ഷിച്ച് വീട്ടിലെത്തുകയും രക്തം പുരണ്ട വസ്ത്രങ്ങൾ കഴുകുകയും ചെയ്തു. പ്രതിയെ ജുഡീഷ്യൽ കസ്റ്റഡിയിൽ അയച്ചിരിക്കുകയാണെന്ന് ഗ്രേറ്റർ നോയിഡ ഡെപ്യൂട്ടി പൊലീസ് കമ്മീഷണർ (ഡിസിപി) അശോക് കുമാർ പറഞ്ഞതായി എൻ.ഡി.ടി.വി റിപ്പോർട്ട് ചെയ്തു.

മലപ്പുറത്ത് വീണ്ടും കടുവ ഇറങ്ങി, രണ്ട് കാവൽ നായകളെ കൊന്നു

മലപ്പുറം: മലപ്പുറത്തെ കരുവാരക്കുണ്ടിലെ മലയോര മേഖലയിൽ വീണ്ടും കടുവ ഇറങ്ങിയെന്ന് തോട്ടം തൊഴിലാളികൾ. കൽക്കുണ്ട് ഭാഗത്തിറങ്ങിയ കടുവ രണ്ട് കാവൽ നായകളെ കൊന്നുവെന്നാണ് തൊഴിലാളികൾ പറയുന്നത്. സി പി ഷൗക്കത്തലി എന്നയാൾ തോട്ടം മേഖലയുടെ കാവലിനായി വളർത്തിയ നായകളെയാണ് കടുവ പിടിച്ചത്. കടുവ നായയെ കടിച്ചെടുത്തു പോകുന്നത് താൻ കണ്ടെന്ന് തോട്ടം തൊഴിലാളി പറഞ്ഞു. വനപാലകരെ വിവരം അറിയിച്ചെങ്കിലും അധികൃതർ സ്ഥലം സന്ദർശിച്ചിട്ടില്ല. വാഹന സൗകര്യമില്ലാത്തതിനാൽ വരാൻ കഴിയില്ലെന്ന് അധികൃതർ അറിയിച്ചതായി തോട്ടം ഉടമ പറഞ്ഞു. പരിസരത്ത് കടുവയുടേത് സംശയിക്കുന്ന കാൽപ്പാടുകൾ കണ്ടെത്തി.ഒരു നായയെ ഭക്ഷിച്ച ശേഷമാണ് രണ്ടാമത്തെതിനെ കടുവ കടിച്ചെടുത്തു കൊണ്ടുപോയതെന്ന് തോട്ടം ഉടമ പറഞ്ഞു. കൽക്കുണ്ട് മലയോരത്ത് പല ഭാഗങ്ങളിലും മുൻപ് കടുവയുടെ ആക്രമണം നടന്നിരുന്നു. പന്നികളെ കടുവ കടിച്ചുതിന്ന സംഭവമുണ്ടായി. കാളികാവ് പഞ്ചായത്തിൽ ഒരു വർഷത്തിനുള്ളിൽ ആട്, പോത്ത് തുടങ്ങിയ നാൽപതിലേറെ ജീവികളെ കടുവ പിടിച്ചു.ജനവാസ കേന്ദ്രങ്ങളുടെ സമീപത്തുവരെ കടുവ എത്തിയിട്ടുണ്ട്. തോട്ടം മേഖലയിലെ തൊഴിലാളികൾ വന്യജീവി ആക്രമണ ഭീതിയിലാണ്.

ബൈഡന്റെ വാഹനവ്യൂഹത്തിലെ സ്വകാര്യ ടാക്സി കാർ സ്ഥിരംയാത്രക്കാരനെ കൊണ്ടുവിടാൻ പോയി; സുരക്ഷാവീഴ്ച

ന്യൂഡൽഹി: ജി 20 ഉച്ചകോടിക്കെത്തിയ അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡന്റെ സുരക്ഷാ സന്നാഹത്തിൽ വീഴ്ച്ച. ജോ ബൈഡന്റെ സുരക്ഷാ സംവിധാനത്തിനായി തയ്യാറാക്കിയിരുന്ന വാഹനവ്യൂഹത്തിലെ സ്വകാര്യ ടാക്സി കാർ രാവിലെയോടെ അപ്രത്യക്ഷമായി. തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഡ്രൈവർ സ്ഥിരം യാത്രക്കാരന് വേണ്ടി സർവീസ് നടത്തിയെന്ന് കണ്ടെത്തുകയായിരുന്നു.ഇന്ന് രാവിലെ 9.30 നാണ് ബൈഡന്റെ വാഹനവ്യൂഹം യാത്ര തിരിക്കേണ്ടിയിരുന്നത്.ഇതിനായി ബൈഡൻ താമസിക്കുന്ന ഐ.ടി.സി. മൗര്യയിൽ റിപ്പോർട്ട് ചെയ്യുന്നതിന് മുമ്പായി സ്ഥിരം യാത്രക്കാരനെ കൊണ്ടുവിടാനാണ് ഹരിയാണ രജിസ്ട്രേഷനിലുള്ള എർടിഗ കാർ പോയത്.രാവിലെ 8ന് ഡ്രൈവറെ തന്റെ സ്ഥിരം യാത്രക്കാരൻ ബന്ധപ്പെട്ടു. തുടർന്ന് യാത്രക്കാരനെ താജ് മാൻസിംഗ് ഹോട്ടലിലേയ്ക്ക് കൊണ്ടുപോകുകയായിരുന്നു.യുഎഇ പ്രസിഡന്റ് മുഹമ്മദ് ബിൻ സയ്യിദ് അൽ നഹ്യാൻ താമസിച്ചിരുന്നതും ഇതേ ഹോട്ടലിൽ ആയിരുന്നു. ബൈഡന്റെ വാഹനവ്യൂഹത്തിൽ ഉൾപ്പെട്ട കാറാണെന്ന് സൂചിപ്പിക്കുന്ന നിരവധി സ്റ്റിക്കറുകൾ കാറിലുണ്ടായിരുന്നു. ഹോട്ടലിലേക്ക് കാർ പ്രവേശിക്കാൻ ശ്രമിക്കവേ സുരക്ഷാ ഉദ്യോഗസ്ഥർ തടയുകയായിരുന്നു. സംഭവത്തിൽ ഡ്രൈവറെയും സ്ഥിരം യാത്രക്കാരനായ ബിസിനസുകാരനെയും ഇന്റലിജൻസ് ഏജൻസികൾ ചോദ്യം ചെയ്തു. എന്നാൽ, തനിക്ക് പ്രോട്ടോക്കോളുകളെക്കുറിച്ച് അറിവില്ലായിരുന്നുവെന്നും ഡ്യൂട്ടിക്കിടെ പുറത്ത് പോകരുതെന്ന് അറിയുമായിരുന്നില്ലെന്നും ഡ്രൈവർ ചോദ്യംചെയ്യലിനിടെ പറഞ്ഞു.

സഹൃദയ സാഹിത്യ വേദി എൻ.ജി.ഒ. ക്വാർട്ടേഴ്സ് ജങ്ഷനിൽ നടത്തിയ പരിപാടിയിൽ ഹമീദ് ചേന്ദമംഗലൂർ സംസാരിക്കുന്നു

മതേതര ഇന്ത്യ നിലനിൽക്കണമെങ്കിൽ കോൺഗ്രസും ഇടതുപക്ഷവും വർഗീയപ്രീണനം ഉപേക്ഷിക്കണം ഹമീദ് ചേന്ദമംഗലൂർ

കോഴിക്കോട്:സ്വതന്ത്ര ഇന്ത്യയിൽ നെഹ്റുവിന്റെ മതേതര കാഴ്ചപ്പാടിലാണ് ഇന്ത്യ നിലനിന്നതെന്നും കോൺഗ്രസ് സെക്യൂലറിസത്തിൽ വെള്ളം ചേർത്തതാണ് ഇന്നത്തെ ഇന്ത്യയുടെ ദുരവസ്ഥക്ക് കാരണമെന്നും ഹമീദ് ചേന്ദമംഗലൂർ അഭിപ്രായപ്പെട്ടു.

ഇടതുപക്ഷവും സെക്യൂലറിസം കൈവിട്ടതോടെ സംഘപരിവാർ ശക്തിയുടെ കൈകളിൽ ബഹുസ്വര ഇന്ത്യ വംശീയ ഇന്ത്യയായി മാറുകയാണെന്നും അദ്ദേഹം പറഞ്ഞു. സഹൃദയ സാഹിത്യ വേദി എൻ.ജി.ഒ. ക്വാർട്ടേഴ്സ് ജങ്ഷനിൽ നടത്തിയ ഹമീദ് ചേന്ദമംഗലൂരിന്റെ ആദരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ലത്തീഫ് പറമ്പിൽ സ്വാഗതം പറഞ്ഞു.സദാനന്ദൻ മാഷ് പൊന്നാടയണിയിച്ചു. പി.ജെ ഈപ്പൻ മെമന്റോയും എൻ.സി. ജോസ് ആദരണ പത്രവും ദിനേശ് കാരന്തൂർ ഉപഹാരവും സമർപ്പിച്ചു. വർഗീസ് തോട്ടക്കാടിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ നവാസ് പൂനൂർ, കെ.എഫ്. ജോർജ് , മേരിടീച്ചർ, ജോസഫ് പൂതക്കുഴി, ജേക്കബ് ജോസ് എന്നിവർ സംസാരിച്ചു. സി.വി. പ്രശാന്തിന്റെ പുല്ലാങ്കുഴൽ വാദനത്തോടെയാണ് ചടങ്ങ് ആരംഭിച്ചത്.

മുസ്ലിം ലീഗ് ദേശീയ സമ്മേളനം നവംബർ 16ന് ഡൽഹിയിൽ; 17ന് ദേശീയ കൗൺസിൽ

മലപ്പുറം: മുസ്ലിം ലീഗ് പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ചുള്ള ദേശീയ സമ്മേളനം നവംബർ 16ന് ഡൽഹിയിൽ നടക്കും. ന്യൂഡൽഹി താൽക്കത്തോറ ഇൻഡോർ സ്റ്റേഡിയമാണു സമ്മേളനത്തിനു വേദിയാകുക. ഡൽഹിയിൽ സ്ഥാപിക്കുന്ന മുസ്ലിം ലീഗ് ദേശീയ ആസ്ഥാന മന്ദിരം ഖാഇദെ മില്ലത്ത് സെന്ററിന്റെ സോഫ്റ്റ് ലോഞ്ചിങ്ങും സമ്മേളനത്തിൽ നടക്കും. 17നു ദേശീയ

കിരീടവുമായി ഇന്ത്യൻ ടീം

അണ്ടർ 16 സാഫ് കപ്പ് ഫുട്ബോളിൽ ഇന്ത്യയ്ക്ക് കിരീടം

തിംഫു: 2023 അണ്ടർ 16 സാഫ് കപ്പ് ഫുട്ബോൾ ടൂർണമെന്റിൽ ഇന്ത്യയ്ക്ക് കിരീടം. ഫൈനലിൽ ബംഗ്ലാദേശിനെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് തകർത്താണ് ഇന്ത്യ കിരീടത്തിൽ മുത്തമിട്ടത്. ഭൂട്ടാനാണ് ഇത്തവണ സാഫ് കപ്പിന് വേദിയായത്.

ഇന്ത്യയ്ക്ക് വേണ്ടി എട്ടാം മിനിറ്റിൽ ഭരത് ലയ്റെൻജാമും 74-ാം മിനിറ്റിൽ ലെവിസ് ലുണ്ണും ഗോളടിച്ചു. ബംഗ്ലാദേശിനെതിരേ ഇന്ത്യ ആധിപത്യമാണ് പുലർത്തിയത്. ഇഷ്ഫാഖ് അഹമ്മദാണ് ഇന്ത്യൻ ടീമിന്റെ പരിശീലകൻ. കഴിഞ്ഞ വർഷം അണ്ടർ 17 ടൂർണമെന്റാണ് നടന്നത്. അന്ന് ശ്രീലങ്കയിൽ വെച്ച് നടന്ന ടൂർണമെന്റിൽ ഇന്ത്യ കിരീടം നേടിയിരുന്നു. അണ്ടർ 16 സാങ്മിൻ ഫോർമാറ്റിൽ ഇതുവരെ നാല് തവണയാണ് സാഫ് കപ്പ് ഫുട്ബോൾ നടന്നത്. 2011-ൽ പാകിസ്താൻ കിരീടം നേടി. 2013-ൽ ഇന്ത്യയും 2015-ൽ ബംഗ്ലാദേശും കിരീടത്തിൽ മുത്തമിട്ടു. എട്ടുവർഷത്തിനുശേഷമാണ് വീണ്ടും അണ്ടർ 16 സാഫ് കപ്പ് ഫുട്ബോൾ നടന്നത്. 2017, 2018, 2019 വർഷങ്ങളിൽ അണ്ടർ 15 മത്സരങ്ങളാണ് നടന്നത്.

കിരീടത്തിൽ മുത്തം വെക്കുന്ന ദ്യോകോവിച്ച്

യു.എസ് ഓപൺ കിരീടത്തിൽ മുത്തമിട്ട് ദ്യോകോവിച്

ന്യൂയോർക്ക്: യു.എസ് ഓപ്പൺ പുരുഷ സിംഗിൾസ് കിരീടം സെർബിയൻ ഇതിഹാസം നൊവാക് ദ്യോകോവിച്ചിന്. റഷ്യയുടെ ഡാനിൽ മെദ്വദേവിനെ നേരിട്ടുള്ള സെറ്റുകൾക്ക് പരാജയപ്പെടുത്തിയാണ് ദ്യോകോവിച് തന്റെ നാലാം യു.എസ് ഓപ്പൺ കിരീടം സ്വന്തമാക്കിയത്. സ്കോർ 6-3, 7-6, 6-3.ദ്യോകോവിച്ചിന്റെ 24ാം ഗ്ലാൻഡ്സ്ലാം കിരീടമാണിത്. യു.എസ് ഓപ്പണിലെ പ്രായമേറിയ ജേതാവാണ് ഈ 36കാരൻ. മെദ്വദേവിന് ഇത് അഞ്ചാം ഗ്രാൻഡ്സ്ലാം ഫൈനലായിരുന്നു. 2021ലെ ചാമ്പ്യനാണ് ഡാനിൽ മെദ്വദേവ്. അന്നും ഫൈനലിൽ ദ്യോകോവിച് ആയിരുന്നു എതിരാളി. 2021ൽ കലണ്ടർ സ്ലാം എന്ന നേട്ടത്തിലേക്ക് കുതിക്കുകയായിരുന്ന ദ്യോകോവിച്ചിന് മെദ്വദേവാണ് തടയിട്ടത്. ആസ്ട്രേലിയൻ ഓപൺ, ഫ്രഞ്ച് ഓപൺ, വിംബിൾഡൺ കിരീടങ്ങൾ 2021ൽ ദ്യോകോവിച്ചിനായിരുന്നു. ഈ സീസണിൽ ആസ്ട്രേലിയൻ ഓപൺ, ഫ്രഞ്ച് ഓപൺ കിരീടങ്ങൾ ദ്യോകോവിച്ചിനായിരുന്നു. വിംബിൾഡണിൽ അൽകാറസിനോട് ഫൈനലിൽ തോൽക്കുകയായിരുന്നു. 2023ലെ ഫ്രഞ്ച് ഓപ്പൺ കിരീടത്തോടെ കൂടുതൽ ഗ്രാൻഡ് സ്ലാമുകൾ ജയിക്കുന്ന പുരുഷ താരമായി ദ്യോകോ മാറിയിരുന്നു.

ചുംബന വിവാദം: സ്പാനിഷ് ഫുട്ബോൾ പ്രസിഡന്റ് ലൂയിസ് റൂബിയാലസ് രാജിവെച്ചു

സൂറിച്ച് (സ്വിറ്റ്സർലൻഡ്): വനിതാ ലോകകപ്പ് താരത്തെ ചുംബിച്ച് വിവാദത്തിൽപ്പെട്ട സ്പാനിഷ് ഫുട്ബോൾ പ്രസിഡന്റ് ലൂയിസ് റൂബിയാലെസ് രാജിവെച്ചു. ചുംബന വിവാദത്തിന് പിന്നാലെ റുബിയാലെസിനെ ഫിഫ സസ്പെൻഡ് ചെയ്തിരുന്നു.

ഇതിന് പിന്നാലെയാണ് രാജി വെക്കുന്നതായി പ്രഖ്യാപിച്ചത്. ഞായറാഴ്ച ഒരു ടെലിവിഷൻ ഷോയിലാണ് ലൂയിസ് റൂബിയാലെസ് രാജിക്കാര്യം അറിയിച്ചത്. യൂറോപ്യൻ ഫുട്ബോൾ ഭരണസമിതിയായ യുവേഫയുടെ വൈസ് പ്രസിഡന്റ് സ്ഥാനം രാജിവെക്കുകയാണെന്ന് ഫെഡറേഷനെയും അറിയിച്ചിട്ടുണ്ട്.

വനിതാ ലോകകപ്പിന് പിന്നാലെ സ്പാനിഷ് താരം ജെന്നിഫർ ഹെർമോസയെ അനുവാദമില്ലാതെ ചുംബിച്ചതിനെ തുടർന്നാണ് ലൂയിസ് റുബിയാലെസ് വിവാദത്തിലായത്. തുടർന്ന് ഫിഫ അച്ചടക്ക സമിതി നടപടിയെടുക്കുകയും ദേശീയ അന്തർദേശീയ തലത്തിൽ ഫുട്ബോളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിൽ നിന്നും താൽക്കാലികമായി സസ്പെൻഡ് ചെയ്തിരുന്നു. ആഗസ്റ്റ് 26 മുതൽ 90 ദിവസത്തേക്കായിരുന്നു സസ്പെൻഡ് ചെയ്തിരുന്നത്.

സംഭവത്തിൽ സ്പാനിഷ് പ്രധാനമന്ത്രി പെഡ്രോ സാഞ്ചസും വിമർശനവുമായി രംഗത്തെത്തിയിരുന്നു. കൂടാതെ സ്പെയിനിലെ വനിതാ ലീഗുകൾ, പുരുഷന്മാരുടെ ലാ ലിഗ ക്ലബ്ബുകൾ, കൂടാതെ അന്തർദ്ദേശീയ തലങ്ങളിൽ നിന്നും വിമർശനമുയർന്നു. സ്പെയ്നിലെ വനിതാ ഫുട്ബോൾ ലീഗായ ലിഗ എഫ് റൂബിയാലസിനെ പുറത്താക്കാൻ ആവശ്യപ്പെടുകയും മോശം പെരുമാറ്റത്തിനെതിരേ നാഷണൽ സ്പോർട്സ് കൗൺസിലിൽ പരാതി നൽകുകയും ചെയ്തിരുന്നു.

മഴ കളിമുടക്കി, ഇന്ത്യ-പാകിസ്താൻ പോരാട്ടം റിസർവ് ദിനമായ ഇന്ന് നടക്കും

മഴയെത്തുടർന്ന് ഗ്രൗണ്ട് മൂടുന്ന തൊഴിലാളികൾ

അത്ഭുതങ്ങളൊന്നും സംഭവിച്ചില്ല, ഏഷ്യാ കപ്പ് സൂപ്പർ ഫോറിലെ ഇന്ത്യ-പാക് മത്സരം പ്രതീക്ഷിച്ചതുപോലെ തന്നെ മഴ കൊണ്ടുപോയി. 24.1 ഓവറിൽ ഇന്ത്യൻ സ്കോർ 147ൽ നിൽക്കുമ്പോൾ എത്തിയ മഴ ഇടയ്ക്ക് നിന്നെങ്കിലും, ഗ്രൌണ്ടും ഔട്ഫീൽഡും പൂർണമായി ഉണക്കിയെടുക്കാനുള്ള ഇടവേള ലഭിച്ചില്ല. അപ്പോഴേക്കും മഴ വീണ്ടുമെത്തുന്ന അന്തരീക്ഷമാണ് കൊളംബോയിൽ ഉണ്ടായത്. മഴ ഭീഷണി ഉണ്ടായതുകൊണ്ട് തന്നെ മത്സരത്തിന് നേരത്തേ തന്നെ റിസർവ് ദിനം പ്രഖ്യാപിച്ചിരുന്നു. നാളെ റിസർവ് ദിനത്തിൽ മത്സരം തുടരും. ഇന്ന് ബാറ്റിങ് ആരംഭിച്ച ഇന്ത്യൻ ഇന്നിങ്സിൻറെ തുടർച്ചയായി ആകും നാളെ മത്സരം തുടരുക. നാളെയും മഴ കളി കൊണ്ടുപോയാൽ ഇന്ത്യയും പാകിസ്താനും പോയിൻറ് തുല്യമായി പങ്കുവെക്കും.

ഏഷ്യാ കപ്പ് സൂപ്പർ ഫോറിൽ ടോസ് നേടിയ പാകിസ്താൻ ക്യാപ്റ്റൻ ബാബർ അസം ഇന്ത്യയെ ബാറ്റിങിനയക്കുമ്പോൾ ഇന്ത്യൻ ആരാധകർ പോലും ഇങ്ങനെയൊരു തുടക്കം പ്രതീക്ഷിച്ചിട്ടുണ്ടാകില്ല. ഗ്രൂപ്പ് ഘട്ടത്തിൽ പാക് പേസർമാരുടെ ആക്രമണത്തിൽ തകർന്നുപോയ ഇന്ത്യയുടെ മുൻനിര ആദ്യ മത്സരത്തിൻറെ എല്ലാ ക്ഷീണവും തീർക്കുന്ന പ്രകടനമാണ് കൊളംബോയിലെ പ്രേമദാസ സ്റ്റേഡിയത്തിൽ കാഴ്ചവെച്ചത്. നായകൻ രോഹിത് ശർമ തന്നെ ഇന്ത്യയുടെ തിരിച്ചടിക്ക് തുടക്കമിട്ടു. ഓപ്പണിങ് വിക്കറ്റിൽ ശുഭ്മാൻ ഗില്ലുമൊത്ത് 16 ഓവറിൽ 121 റൺസിൻറെ കൂട്ടുകെട്ടാണ് രോഹിത് പടുത്തുയർത്തിയത്. 49 പന്തിൽ ആറ് ബൌണ്ടറിയും നാല് സിക്സറുമുൾപ്പെടെ രോഹിത് ശർമ 56 റൺസെടുത്തു. 52 പന്തിൽ പത്ത് ബൌണ്ടറിയുൾപ്പെടെ ഗിൽ 58 റൺസെടുത്തു.

അടുത്തടുത്ത ഓവറുകളിൽ ഇരുവരുടേയും വിക്കറ്റ് നഷ്ടപ്പെട്ട ഇന്ത്യക്കായി വൺഡൌണായി വിരാട് കോഹ്ലിയും ഏറെ നാളുകൾക്ക് ശേഷം ടീമിലെത്തുന്ന കെ.എൽ രാഹുലും ക്രീസിലെത്തി. എട്ട് റൺസോടെ കോഹ്ലിയും 17 റൺസോടെ രാഹുലും നിൽക്കുമ്പോഴാണ് മത്സരത്തിൻറെ ആവേശം കെടുത്താൻ രസംകൊല്ലിയായി മഴയെത്തിയത്. ഇന്ത്യൻ സ്കോർ 24.1 ഓവറിൽ രണ്ട് വിക്കറ്റിന് 147 റൺസെന്ന നിലയിൽ നിൽക്കുമ്പോഴാണ് മഴയെത്തിയത്. പരിക്കിനെത്തുടർന്ന് ഏറെ നാളായി ടീമിന് പുറത്തായിരുന്ന രാഹുൽ ഏഷ്യാ കപ്പ് സ്ക്വാഡിലൂടെയാണ് വീണ്ടും ടീമിലെത്തുന്നത്. ആദ്യ രണ്ട് മത്സരങ്ങളിൽ പൂർണമായും ഫിറ്റ്നസ് കൈവരിക്കാത്തതുകൊണ്ട് രാഹുലിനെ അന്തിമ ഇലവനിൽ ഉൾപ്പെടുത്തിയിരുന്നില്ല. പരിക്കിന് ശേഷമുള്ള മികച്ച തിരിച്ചുവരവ് തന്നെയാകും രാഹുൽ പാകിസ്താനെതിരായ മത്സരത്തോടെ ലക്ഷ്യം വെക്കുന്നത്.

നേരത്തെ ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ-പാക് കളി മഴ മുടക്കിയ അതേ സ്റ്റേഡിയത്തിൽ തന്നെയാണ് ഇന്നും മത്സരം നടന്നത്. കൊളംബോയിൽ കനത്ത മഴ തുടരുമെന്ന് തന്നെയായിരുന്നു കാലാവസ്ഥാ പ്രവചനം. റിപ്പോർട്ടുകളെ ശരിവെച്ച് ഗ്രൂപ്പ് റൗണ്ടിൽ മഴയെടുത്ത മത്സരാവേശം തിരികെ കിട്ടുമെന്ന പ്രതീക്ഷയിലിരിക്കുന്ന ആരാധകരെ നിരാശയിലാഴ്ത്തി ഇന്ത്യൻ ഇന്നിങ്സിൻറെ 24-ാം ഓവറിൽ മഴയെത്തുകയായിരുന്നു. ഇന്നലെ വൈകിട്ടും, രാത്രിയിലും കൊളംബോയിൽ കനത്ത മഴ പെയ്തിരുന്നു.

സൂപ്പർ ഫോറിലെ ആദ്യ മത്സരത്തിൽ ബംഗ്ലാദേശിനെ പരാജയപ്പെടുത്തിയാണ് പാകിസ്താൻ ഇന്ത്യയോട് ഏറ്റുമുട്ടാൻ എത്തുന്നത്. ആദ്യമത്സരത്തിൽ പാകിസ്താനെതിരെ മികച്ച പ്രകടനം പുറത്തെടുത്ത ഇഷാൻ കിഷനും, ഹാർദിക് പാണ്ഡ്യയും ഇന്ത്യയുടെ പ്രതീക്ഷയ്ക്ക് കരുത്തേകുന്നു.

ഇന്ത്യയ്ക്കെതിരെ 35 റൺസിന് നാല് വിക്കറ്റ് എടുത്ത ഷഹീൻ അഫ്രീദിയിലും, മൂന്നു വിക്കറ്റുകൾ വീതം നേടിയ നസീം ഷായിലും, ഹാരിസ് റഊഫിലുമാണ് പാക്ക് ബൗളിംഗ് നിരപ്രതീക്ഷ വെയ്ക്കുന്നത്.ലോക കപ്പ് ടീം പ്രഖ്യാപിച്ചതിനുശേഷ ഉള്ള ഇന്ത്യയുടെ ആദ്യ മത്സരം കൂടിയാണ് ഇത്.

യുഎസ്ഓപ്പൺ വനിതകളുടെ സിംഗിൾസ് ടെന്നീസ്കിരീടം കൊകൊ ഗഫിന്

ന്യൂയോർക്ക് കൗമാരത്തുടിപ്പിൽ യുഎസ് ഓപ്പൺ. വനിതകളുടെ സിംഗിൾസ് ടെന്നീസ് കിരീടം പത്തൊമ്പതുകാരി കൊകൊ ഗഫിന് ഫൈനലിൽ ബെലാറസിന്റെ അരിന സബലേങ്കയെ 2-6, 6-3, 6-2ന് തോൽപ്പിച്ചു. അമേരിക്കക്കാരിയുടെ ആദ്യ ഗ്രാൻഡ് സ്ലാം കിരീടമാണ് ജയത്തോടെ ലോക റാങ്ക് ആറിൽനിന്ന് മൂന്നാകും. ആർതർ ആഷെ സ്റ്റേഡിയത്തിൽ നിറഞ്ഞ 28,142 കാണികളെ പ്രകമ്പനംകൊള്ളിച്ചാണ് ഗഫിന്റെ മുന്നേറ്റം. ആദ്യ സെറ്റിൽ തുടരെ പിഴവുകൾ വരുത്തിയ ഗഫ് അടുത്ത രണ്ട് സെറ്റിലും പക്വതയാർന്ന കളിയാണ് കെട്ടഴിച്ചത് ഒട്ടും പരിഭ്രമമില്ലാതെ, ആത്മവിശ്വാസത്തോടെ ആദ്യ കിരീടത്തിലേക്ക് ചുവടുവച്ചു. 1999ൽ പതിനേഴാംവയസ്സിൽ സെറീന വില്യംസ് യുഎസ് ഓപ്പൺ നേടിയശേഷമൊരു കൗമാരക്കാരിയുടെ കിരീടനേട്ടമാണിത് ആദ്യ സെറ്റിന്റെ തുടക്കം ഒപ്പത്തിനൊപ്പമായിരുന്നു. എന്നാൽ, പിഴവുകൾ ഗഫിനെ ചതിച്ചു. സബലേങ്ക 3-2ലേക്കും 4-2ലേക്കും കുതിച്ചു. ഇരട്ടപ്പിഴവുകൾ വന്നതോടെ ഗഫ്സെറ്റുകൈവിട്ടു. രണ്ടാംസെറ്റിൽ രൂപവും ഭാവവും മാറിയ ഗഫായിരുന്നു. പരിചയസമ്പന്നയെപ്പോലെ കരുത്തുറ്റ ഷോട്ടുകളും റിട്ടേണുകളും നിറഞ്ഞു. തുടക്കത്തിൽ നേടിയ 2-1 ലീഡ് തുടരാനായി. അത് 4-1ലേക്കും 5-2ലേക്കും മാറിയതോടെ സബലേങ്ക കളി വിട്ടു. മൂന്നാംസെറ്റിൽ ഗഫ്മാത്രമായിരുന്നു കളത്തിൽ. സബലേങ്ക പറ്റെ മങ്ങിപ്പോയി. ഗഫ് 4-0 ലീഡ് നേടിയതോടെ ഒന്നും ചെയ്യാനില്ലായിരുന്നു. രണ്ട് മണിക്കൂറിലും ആറ് മിനിറ്റിലും പുതിയ ചാമ്പ്യൻ പിറന്നു. ഈ സീസണിൽ ഓസ്ട്രേലിയൻ ഓപ്പണിൽ നാലാംറൗണ്ടിലെത്തി. വിംബിൾഡണിൽ ആദ്യ റൗണ്ടിൽ പുറത്തായി. ഫ്രഞ്ച് ഓപ്പണിൽ ക്വാർട്ടറിലെത്തി. പതിനഞ്ചാംവയസ്സിൽ വിംബിൾഡൺ കളിച്ച്ഞെട്ടിച്ച ചരിത്രമുണ്ട് ഗഫിന് 1999ൽ വിംബിൾഡണിൽ യോഗ്യതാറൗണ്ട് കളിച്ചെത്തിയ പ്രായംകുറഞ്ഞ കളിക്കാരിയായി. ആദ്യ റൗണ്ടിൽ വീനസ് വില്യംസിനെ കീഴടക്കി വരാനുള്ള കൊടുങ്കാറ്റിന്റെ സൂചന നൽകി. നാലാംറൗണ്ടുവരെ മുന്നേറിയശേഷമാണ് പിൻവാങ്ങിയത്

ഇന്തോനേഷ്യൻ മാസ്റ്റേഴ്സിൽ മലയാളി ചരിതം

ജക്കാർത്ത: ഇന്തോനേഷ്യൻ മാസ്റ്റേഴ്സ് ബാഡ്മിന്റണിൽ ചരിത്രമെഴുതി മലയാളി താരം കിരൺ ജോർജ്. സൂപ്പർ 100 പുരുഷ സിംഗിൾസ് കിരീടം സ്വന്തമാക്കിയാണ് കിരൺ രാജ്യത്തിന്റെ അഭിമാനമായിരിക്കുന്നത്. ഇന്തോനേഷ്യൻ മാസ്റ്റേഴ്സിൽ കിരീടം നേടുന്ന ആദ്യ ഇന്ത്യൻ താരമാണ് കിരൺ.ജപ്പാന്റെ കൂ തകാഹഷിയെ നേരിട്ടുള്ള സെറ്റുകൾക്കു വീഴ്ത്തിയാണ് കിരൺ ജോർജിന്റെ കിരീടനേട്ടം. ലോക 50-ാം നമ്പർ താരമാണ് കിരൺ. തകാഹഷി 82-ാം നമ്പർ താരവും. 21-19, 22-20 എന്നിങ്ങനെ വാശിയേറിയ പോരാട്ടത്തിലൂടെയാണ് ആദ്യ രണ്ടു സെറ്റും കിരൺ നേടിയത്.2022ലെ ഒഡിഷ ഓപൺ ജയിച്ചാണ് 23കാരനായ കിരൺ ജോർജ് കരിയറിലെ കന്നി സൂപ്പർ ടൂർണമെന്റിന് അർഹത നേടുന്നത്. ഇന്തോനേഷ്യയിൽ ടൂർണമെന്റിലുടനീളം മികച്ച പ്രകടനമാണ് താരം പുറത്തെടുത്തത്. സെമി ഫൈനലിൽ ഇന്തോനേഷ്യയുടെ ടോമി സുഗിയാർത്തോയെയാണു തോൽപിച്ചത്.

മൊറോക്കൻ ദുരിത ബാധിതർക്ക് തണലൊരുക്കി ക്രിസ്റ്റിയാനോ; ആഡംബര ഹോട്ടൽ വിട്ടുനൽകി

ഭൂകമ്പം നാശം വിതച്ച മൊറോക്കോയിലെ ദുരന്തബാധിതർക്ക് കൈത്താങ്ങുമായി ക്രിസ്റ്റ്യാനോ റൊണാൾഡോ. ഇതിനു വേണ്ടി താരത്തിന്റെ ആഡംബര ഹോട്ടൽ വിട്ടുനൽകിയിരിക്കുകയാണ്.

മാരാക്കേച്ചിലെ പ്രശസ്തമായ 'പെസ്റ്റാന ഇഞ7'എന്ന ഹോട്ടലാണ് ഇതിനു വേണ്ടി താരം തുറന്ന് കൊടുത്തിരിക്കുന്നത്. സ്പാനിഷ് ദേശീയ വനിതാ ഫുട്ബോൾ ടീമിൽ അംഗമായ ഐറിൻ സീക് സാസ് ആണ് ക്രിസ്റ്റ്യാനോയുടെ ഹോട്ടൽ ദുരന്തബാധിതർക്കായി തുറന്നുനൽകി വിവരം പുറത്തുവിട്ടത്.

മണിക്കൂറുകളോളം തെരുവിൽ കഴിഞ്ഞ ശേഷമാണ് ക്രിസ്റ്റ്യാനോയുടെ ഹോട്ടലിലെ സൗകര്യം ലഭിച്ചതെന്ന് അവർ വെളിപ്പെടുത്തി.

പെസ്താന സി.ആർ7 മറാക്കിഷ് എന്ന പേരിലുള്ള ഫോർസ്റ്റാർ ഹോട്ടലാണ് അഭയാർത്ഥി ക്യാംപായി മാറിയിരിക്കുന്നത്. ഔട്ട്ഡോർ സ്വിമ്മിങ് പൂൾ, ഫിറ്റ്നെസ് സെന്റർ, റെസ്റ്ററന്റ് ഉൾപ്പെടെയുള്ള ആഡംബര ഹോട്ടലാണിത്. കെട്ടിടത്തിൽ 174 മുറികളുണ്ട്. യൂറോപ്പ്, മധ്യേഷ്യ, ആഫ്രിക്ക ഉൾപ്പെടെ നിരവധി ഹോട്ടൽ ശൃംഖലകൾ ക്രിസ്റ്റ്യാനോയുടെ ഉടമസ്ഥതയിലുണ്ട്.

ഭൂകമ്പത്തിൽ ക്രിസ്റ്റ്യാനോ അനുശോചനം രേഖപ്പെടുത്തുകയും ചെയ്തിരുന്നു. മൊറോക്കോയിലെ ഭൂകമ്പത്തിൽ ജീവൻ നഷ്ടമായവരുടെ ബന്ധുക്കളോടും സുഹൃത്തുക്കളോടും അനുശോചനം രേഖപ്പെടുത്തുകയാണ്. ഈ ദുരിതകാലത്ത് മൊറോക്കോയിലുള്ള എല്ലാവർക്കും എന്റെ സ്നേഹവും പ്രാർത്ഥനകളും അറിയിക്കുന്നുവെന്നും താരം ഇൻസ്റ്റഗ്രാം സ്റ്റോറിയിൽ കുറിച്ചു.

ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രമായ അൽഹൗസ് പ്രവിശ്യയിലാണ് പകുതിയിലധികം ആളുകളും മരിച്ചത്. ദുരന്തത്തെ തുടർന്ന് രാജ്യത്ത് മൂന്ന് ദിവസത്തെ ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു. വിവിധ അറബ് രാജ്യങ്ങൾ മൊറോക്കോയ്ക്ക് അടിയന്തര സഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

അയർലൻഡിനെതിരെ വിജയം പിടിച്ച് നെതർലാൻഡ്

ഡബ്ലിൻ: യൂറോ യോഗ്യത മത്സരത്തിൽ അയർലൻഡിനെതിരെ വിജയം പിടിച്ച് നെതർലാൻഡ്സ്. ഒന്നിനെതിരെ രണ്ട് ഗോളിനായിരുന്നു ഡച്ചുകാരുടെ വിജയം. പകരക്കാരനായെത്തിയ വൗട്ട് വെഗോസ്റ്റ് ആണ് വിജയഗോൾ സമ്മാനിച്ചത്. ഗ്രൂപ്പ് ബിയിലെ നിർണായക മത്സരത്തിൽ നാലാം മിനിറ്റിൽ തന്നെ അയർലൻഡിന് അനുകൂലമായി പെനാൽറ്റി ലഭിച്ചപ്പോൾ ആദം ഇദാഹ് പിഴവില്ലാതെ പന്ത് വലയിലെത്തിച്ചു. എന്നാൽ, 19ാം മിനിറ്റിൽ ഡച്ചുകാർക്ക് അനുകൂലമായും പെനാൽറ്റി ലഭിക്കുകയും ലിവർപൂൾ താരം കോഡി ഗാപ്കൊ ലക്ഷ്യത്തിലെത്തിക്കുകയും ചെയ്തു. രണ്ടാം പകുതിയിൽ പകരക്കാരനായെത്തിയ വെഗോസ്റ്റ് 56ാം മിനിറ്റിലാണ് വിജയഗോൾ സമ്മാനിച്ചത്. കഴിഞ്ഞ മത്സരത്തിൽ ഗ്രീസിനെതിരെയും താരം ഗോൾ നേടിയിരുന്നു.വിജയത്തോടെ ഒമ്പത് പോയന്റായ നെതർലാൻഡ്സ് ഗ്രൂപ്പിൽ രണ്ടാമതാണ്. ഒരു മത്സരം കൂടിയാണ് അവശേഷിക്കുന്നത്. 15 പോയന്റുള്ള ഫ്രാൻസാണ് ഒന്നാമത്. ആദ്യ രണ്ട് സ്ഥാനക്കാർക്കാണ് യൂറോ കപ്പിന് യോഗ്യത നേടാനാവുക.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.